

# ALMOST FREE !

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**

C–22 N. D. S. E. 2

**New Delhi-110049**

# ബൈബിൾ ട്രൂത്ത്

**Editors:**

**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 2** **June 1988** **No. 3**





ആനുകാലിക പ്രാധാന്യമുള്ള ലേഖനങ്ങളിൽ വായനക്കാർ അഭിരുചി കണ്ടെത്തുന്നു എന്നതാണ് ഞങ്ങൾക്ക് കിട്ടുന്ന നിരവധി കത്തുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ ദൈനന്ദിന ജീവിതത്തിൽ പ്രായോഗികമാക്കിത്തീർക്കേണ്ട സ്വഭാവങ്ങൾ വളരെ വില മതിക്കത്തക്കതാണ്. നല്ല വിജയ ശതമാനം പ്രതീക്ഷിച്ചുകൊണ്ട് പരീക്ഷയെഴുതുവാൻ തയ്യാറെടുക്കുന്ന വിദ്യാർത്ഥിയെപ്പോലെയായിരിക്കണം നാം ഓരോരുത്തരും. മുന്നിൽ വച്ചിരിക്കുന്ന ലക്ഷ്യം എല്ലാവരിലും ഉണ്ടെങ്കിൽ ജീവിതത്തിന് അർത്ഥമുണ്ടാകും. കുടുംബജീവിതം ധന്യമാകണമെങ്കിൽ, സമൂഹജീവിതം ഉൽകൃഷ്ടമാകണമെങ്കിൽ നമ്മുടെ സേവനം അംഗീകരിക്കപ്പെടണമെങ്കിൽ അടിസ്ഥാനപരമായ സ്വഭാവം എല്ലാവരിലും ഉണ്ടാകണം. സർവ്വതോൻമുഖമായ ബോധവൽക്കരണം വേദശാസ്ത്ര പാരായണത്തിൽ നിന്നും ഉണ്ടാകുന്നു. അത് തേനിലും തേൻകട്ടയിലും മാധുര്യമുള്ളത്. ഇന്നത്തെ അക്രമാസക്തമായ ലോകത്തിന് ആ ദുഷിച്ച പ്രവണതയിൽനിന്നു മോചനം കിട്ടണമെങ്കിൽ ദൈവവചനത്തിൽ ആശ്രയവും അനുസരണവും അർപ്പിക്കുകയാണ് വേണ്ടത്. അതാണ് യഥാർത്ഥമായ മാനസിക വികാസം.

**പി. കെ. വർഗ്ഗീസ്**

# നിങ്ങൾ എന്തു കാണുന്നു?

**J. C. ചോട്ട്**

ഈ ഭൂമിയിലായിരുന്നപ്പോഴും യേശുവിന് അത്ഭുതങ്ങൾ ചെയ്യാനുള്ള കഴിവുണ്ടായിരുന്നു. ഒരു കുരുടനായ മനുഷ്യന്റെ കാര്യത്തിൽ അവൻ ചെയ്ത പ്രവൃത്തി നോക്കാം. കുരുടനായ ആ മനുഷ്യന് അവൻ കാഴ്ച പ്രദാനം ചെയ്തു. എന്നാൽ ആദ്യം അവൻ എന്തു കാണുന്നു എന്നു ചോദിച്ചതിന് "മനുഷ്യർ വൃക്ഷങ്ങൾ പോലെ നടക്കുന്നു" എന്നത്രെ പറഞ്ഞത്. കാരണം മുമ്പ് അവന്റെ കാഴ്ച അവ്യക്തമായിരുന്നു. എന്നാൽ കർത്താവ് അവന്റെ കണ്ണിൽ തൊട്ടപ്പോൾ എല്ലാം വ്യക്തമായി കാണത്തക്കവിധം സൗഖ്യം പ്രാപിച്ചു. അനേക അത്ഭുതങ്ങൾ യേശു ചെയ്തിട്ടുണ്ട്. കാഴ്ചയില്ലാത്ത ഒരു വ്യക്തിക്ക് കാണുവാൻ കഴിഞ്ഞാൽ അതിലേറെ സന്തോഷം മറ്റെന്തു വേണം.

ബെത്ത്സയിദയിൽ നടന്ന ഒരു സംഭവത്തെ വിവരിച്ചിരിക്കുന്നത് എന്താണെന്നു നോക്കാം. "അവർ (യേശുവും തന്റെ ശിഷ്യൻമാരും) ബെത്ത്സയിദയിൽ എത്തിയപ്പോൾ ഒരു കുരുടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു, അവനെ തൊടേണമെന്നു അപേക്ഷിച്ചു. അവൻ കുരുടന്റെ കൈക്കുപിടിച്ചു അവനെ ഊരിനു പുറത്തു കൊണ്ടുപോയി അവന്റെ കണ്ണിൽ തുപ്പി അവന്റെ മേൽ കൈവെച്ചു; നീ വല്ലതും കാണുന്നുണ്ടോ എന്നു ചോദിച്ചു, അവൻ മേല്പോട്ടു നോക്കി; ഞാൻ മനുഷ്യരെ കാണുന്നു; അവർ നടക്കുന്നത് മരങ്ങൾ പോലെയത്രെ കാണുന്നത് എന്നു പറഞ്ഞു. പിന്നെയും അവന്റെ കണ്ണിൻമേൽ കൈ വെച്ചാറെ അവൻ സൗഖ്യം പ്രാപിച്ചു മിഴിച്ചു നോക്കി എല്ലാം സ്പഷ്ടമായി കണ്ടു. നീ ഊരിൽ കടക്ക പോലും അരുത് എന്ന് അവൻ പറഞ്ഞു. അവനെ വീട്ടിലേക്ക് അയച്ചു." (മർക്കോസ് 8: 22–26).

പലർക്കും നല്ല കാഴ്ചശക്തി ഉണ്ടെങ്കിലും അതിൽ നല്ലൊരു പങ്കും വേണ്ടതുപോലെ കാണുന്നില്ല. യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന ആ മനുഷ്യനെപ്പോലെ അവർ, മനുഷ്യരെ വൃക്ഷങ്ങളായും സാധനങ്ങളായും, രൂപങ്ങളായും അല്ലെങ്കിൽ മൃഗങ്ങളായും കാണുന്നു. ദൈവത്തിന്റെ രൂപത്തിൽ ഉണ്ടാക്കപ്പെട്ട മനുഷ്യനെ കാണാൻ കഴിയുന്നില്ല. നശീകരണ വസ്തുക്കൾക്ക് സമാനമായി, ചിലപ്പോൾ, മൃഗങ്ങൾക്കു കൊടുക്കുന്ന പ്രാധാന്യംപോലും കല്പിക്കാതെ അവർ, തങ്ങളുടെ കാഴ്ചപ്പാട് ദുർബലമാക്കുന്നു. ദൈവത്തോട് കൂടെ നിത്യമായി വസിക്കുവാൻ അവന്റെ ആത്മാവോടുകൂടെ ജീവിക്കുവാൻ അയച്ച യഥാർത്ഥ മനുഷ്യജീവിയെ കണ്ടെത്തുകയാണ് ദൈവത്തിന്റെ ഉദ്ദേശം.

സഭയുടെ കാര്യം വരുമ്പോഴും വളരെയധികം ആളുകൾക്ക് ഈ കാഴ്ചയുടെ പ്രശ്നം ഉണ്ടാകാറുണ്ട്. അവർ, സഭയെ കെട്ടിടങ്ങളായും, നാമധേയ വിഭാഗങ്ങളായും മനുഷ്യനിർമ്മിതവും അബദ്ധവുമായി കാണുന്നു. എന്നാൽ ദൈവം തന്റെ പുത്രനിൽ പ്രസാദിച്ച ശേഷം, അവന്റെ ആത്മീയമായ വിളി സ്വീകരിച്ച് രക്ഷിക്കപ്പെടുന്നവരെയാണ് സഭയെന്നു ദൈവം പറഞ്ഞിരിക്കുന്നത്. മറിച്ച് ഒരു ഭൗതികമായ കെട്ടിടമോ, പേരിൽമാത്രം അറിയപ്പെടുന്നതോ അല്ല. അതിൽ കാണപ്പെടേണ്ട ഉപദേശം മാനുഷികമല്ല; പിന്നെയോ അതു ദൈവത്തിന്റേതു മാത്രമായിരിക്കണം.

യേശുവിനു പകരം, പോപ്പിനെ സഭയുടെ തലയാക്കി വെച്ചിരിക്കുന്നവർക്ക് യേശുവിന്റെ യഥാർത്ഥമായ സ്ഥാനത്തെ കാണുവാൻ കഴിയാതെ വരുന്നു. ശരീരത്തെ നിയന്ത്രിക്കേണ്ടത് തലയാണല്ലോ. കർത്താവിന്റെ സഭ, ശരീരമാകയാൽ ആ സഭയെ നിയന്ത്രിക്കേണ്ടത്, തലയായ ക്രിസ്തുവായിരിക്കണം. അവനെ മാററി പകരം ഒരു മനുഷ്യനെ നിയന്ത്രിക്കുവാൻ അനുവദിക്കുന്നത് ദൈവനീതിക്ക് നിരക്കാത്തതാണ്. ദൈവ പുത്രനായ യേശുവിന് മാത്രമെ ശരിയായ ഒരു കാഴ്ചപ്പാട് നമുക്കു നൽകുവാൻ കഴിയുകയുള്ളു.

മററു ചിലർ സ്നാനത്തിന് വലിയ പ്രാധാന്യം കൊടുക്കാതെ, അതുകൊണ്ട് വലിയ പ്രയോജനമോ രക്ഷയോ കിട്ടുകയില്ലെന്ന് ആളുകളെ ധരിപ്പിക്കുന്നുണ്ട്. ധാർമ്മികമായി നല്ല ജീവിതം നയിച്ചാൽ മാത്രം മതി എന്നാണ് അവരുടെ നിലപാട്. അതുപോലെ തന്നെ മരിച്ചിട്ട് ഉയിർത്തെഴുന്നേററ യേശുവിനെ കാണുവാൻ കഴിയാത്ത എത്രയോ പേരുണ്ട്. അവർ ക്രിസ്തുവിനെ ഒരു നല്ല മനുഷ്യനായി മാത്രം കാണുന്നു. ഇതിലുള്ള അപാകത, ദൈവ ശക്തിയെ അവർക്കു മനസ്സിലാക്കുവാൻ പററാതിരിക്കുന്നു എന്നതാണ്. വേറെ ചിലർ, മാനുഷിക ബുദ്ധികൊണ്ട് ദൈവത്തെയും ദൈവീക കാര്യങ്ങളേയും നോക്കി കാണും. അവർക്കും പരാജയമാണ് ഫലം. കാരണം ദൈവീക പരിജ്ഞാനത്തിൽ വേണം നാം ആത്മീയ കാര്യങ്ങൾ നോക്കി ഗ്രഹിക്കുവാൻ.

ഏതാനുംപേർ, ക്രിസ്തീയ ജീവിതത്തിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകളേയും കഷ്ടതകളേയും കാണുന്നു. മററു ചിലർക്കു നേരിട്ട അസാധാരണമായ അനുഭവങ്ങളെ ചൂണ്ടിക്കാണിച്ച് ഒഴിഞ്ഞുമാറാനും മററുള്ളവരെ നിരുത്സാഹപ്പെടുത്താനും ഇവർ തുനിയുന്നു. ദൈവത്തിൽനിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളെയോ, വാഗ്ദാനങ്ങളുടെ ഉറപ്പിനെയൊ, ലഭിക്കുവാനുള്ള നൻമകളെയൊ ഇവർ ഒന്നുകിൽ കണ്ടില്ലെന്നു നടിക്കുന്നു; അല്ലെങ്കിൽ അതു മറച്ചു കളയുന്നു. യഥാർത്ഥമായി കാണുവാൻ ശ്രമിക്കുന്നവരെപ്പോലും അവർ നിരാശയിലേക്ക് തള്ളി വിടുന്നു. എന്നാൽ അന്ത്യനാളിൽ അവൻ തന്റെ രാജ്യത്തിലുള്ളവർക്ക് നല്കുവാനിരിക്കുന്ന തേജസ്സ്, ഇപ്പോൾ നേരിടുന്ന കഷ്ടതകളേക്കാൾ നൂറുമടങ്ങ് മഹത്വകരമാണെന്ന വസ്

തുത ദൈവം നമുക്കു കാണിച്ചുതന്നിട്ടുണ്ട്. തന്നെയുമല്ല, കർത്താവ് വീണ്ടും വരുമ്പോൾ നീതിമാൻമാരെ സ്വർഗ്ഗത്തിൽ എന്നേക്കും വസിക്കേണ്ടതിനു ചേർത്തുകൊള്ളുകയും ദുഷ്ടൻമാരെ നിത്യശിക്ഷാവിധിയിലേക്കു തള്ളിക്കളയും എന്നതും അവർ മറന്നുകളയുന്നു. അഥവാ കാണാതെ പോകുന്നു.

മറെറാരവസരത്തിൽ യേശു പറയുകയുണ്ടായി ''അതുകൊണ്ടു അവർ കണ്ടിട്ടു കാണാതെയും കേട്ടിട്ടു കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കയാൽ ഞാൻ ഉപമകളായി അവരോടു സംസാരിക്കുന്നു. നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ല താനും; കണ്ണാൽ കാണും ദർശിക്കയില്ല താനും; ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു; കണ്ണു അടച്ചിരിക്കുന്നു; അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഞാൻ അവരെ സൌഖ്യമാക്കാതെയും ഇരിക്കേണ്ടതിനു തന്നേ എന്നു യെശയ്യാവു പറഞ്ഞ പ്രവാചകത്തിനു അവരിൽ നിവൃത്തി വരുന്നു. എന്നാൽ നിങ്ങളുടെ കണ്ണു കാണുന്നതുകൊണ്ടും നിങ്ങളുടെ ചെവി കേൾക്കുന്നതുകൊണ്ടും ഭാഗ്യമുള്ളവ. ഏറിയ പ്രവാചകൻമാരും നീതിമാൻമാരും നിങ്ങൾ കാണുന്നതു കാൺമാൻ ആഗ്രഹിച്ചിട്ടും കണ്ടില്ല; നിങ്ങൾ കേൾക്കുന്നതു കേൾപ്പാൻ ആഗ്രഹിച്ചിട്ടും കേട്ടില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു'' (മത്തായി 13: 13–17).

ഭൗതിക കാഴ്ച അത്യന്താപേക്ഷിതവും മനോഹരവുമാണ്. എന്നാൽ ആത്മീയ കാഴ്ച സുപ്രധാനമാണ്. തിരുവെഴുത്തിൽ അനേക ഭാഗങ്ങളിൽ ഇതു രേഖപ്പെടുത്തിയിരിക്കുന്നു. ''എനിക്ക് അങ്ങനെ കാണുവാൻ കഴിയുന്നില്ല'' എന്ന് ആളുകൾ പറഞ്ഞ് നാം കേൾക്കാറുണ്ട്. മററുള്ളവർ പറയും ''അങ്ങനെ കാണുവാൻ എന്തെളുപ്പം'' എന്ന്. ഈ രണ്ടു സന്ദർഭത്തിലും അവർ പഠിക്കുവാനിടയായ കാര്യം മനസ്സിലാക്കുവാനും മനസ്സിലാക്കാതിരിക്കാനും ഉള്ള കഴിവിനെ സൂചിപ്പിക്കുന്നു.

എന്തുകൊണ്ട് അനേകമാളുകൾക്ക് സത്യം കണ്ടെത്തുവാൻ കഴിയുന്നില്ല? ദൈവത്തിന്റെ വചനത്തിൽ അവർ അജ്ഞരാണ് എന്നതാണ് കാരണം. അല്ലെങ്കിൽ അവ ഗ്രഹിക്കുവാൻ അവർ മനസ്സു കാണിക്കുന്നില്ല. ഇതു രണ്ടും ഖേദകരമാണ്. ദൈവം തന്റെ ഇഷ്ടം വെളിപ്പെടുത്തുകയും അതു വ്യക്തവും നിസ്സാരവുമാക്കിത്തീർത്തിരിക്കുന്നു. ഒരാൾക്ക് മനസ്സുണ്ടെങ്കിൽ തീർച്ചയായും മനസ്സിലാക്കാം.

മറെറാരർത്ഥത്തിൽ, ഒരാൾ ദൈവവചനം വായിച്ച് പഠിക്കുമ്പോൾ ദുരഭിമാനത്തെ മനസ്സിൽ നിന്നു നീക്കം ചെയ്യണം. ദൈവഹിതം അറിയുവാൻ വാഞ്ഛ കാണിക്കുകയും അനുസരിക്കുവാൻ തയ്യാറാവുകയും ചെയ്താൽ അത് എളുപ്പത്തിൽ മനസ്സിലാക്കാം.

എന്റെ സ്നേഹിതാ, കണ്ണടച്ചിരുന്നാൽ നിങ്ങൾക്ക് ഒന്നും കാണുവാൻ കഴിയുകയില്ല; കാണുവാൻ നിങ്ങൾക്ക് താല്പര്യമില്ലെങ്കിലും കാണുവാൻ കഴിയുകയില്ല. ഇപ്പോൾ നിങ്ങൾ എന്തു കാണുന്നു? മററുള്ളവർ നിങ്ങളിൽ എന്തു കാണുന്നു? യേശുക്രിസ്തു നിങ്ങളിൽ എന്തു കാണുന്നു?

# എനിക്കു സ്നാനമേൽക്കുവാൻ എന്തു വിരോധം?

**R. C. ഒലിവർ**

എത്യോപ്യനായ ഒരു മനുഷ്യന്റെ പരിവർത്തനത്തെക്കുറിച്ച് കേട്ടിട്ടുള്ളവർക്കും പഠിച്ചിട്ടുള്ളവർക്കും നമ്മുടെ ഈ ലേഖന വിഷയത്തെക്കുറിച്ച് അറിവുള്ളതാണ്. അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം 8-ാം അദ്ധ്യായം 26 മുതൽ 40 വരെയുള്ള ഭാഗങ്ങളിലാണ് ആ വസ്തുത വിവരിച്ചിരിക്കുന്നത്. അന്ന് അവൻ ചോദിച്ച ചോദ്യം വളരെ പ്രസക്തമായിരുന്നതിനാൽ അതു പ്രസിദ്ധമായിതീർന്നു. ആ ചോദ്യത്തെ ആസ്പദമാക്കി അനേക പ്രസംഗങ്ങളും നടന്നിട്ടുള്ളതുമാണ്. ഈ ലേഖനം ആ വിഷയത്തെ അല്പമൊന്നു വിശദീകരിച്ച് ലളിതമാക്കുക മാത്രമാണ് ചെയ്യുന്നത്. സംശയങ്ങളാണല്ലോ പലപ്പോഴും ചോദ്യഭാവത്തിൽ ഉന്നയിക്കപ്പെടുന്നത്. ഇവിടെയും അതു തന്നെയാണ് നാം കാണുന്നത്.

എത്യോപ്യന്റെ കാര്യത്തിലാണെങ്കിൽ ഒന്നു മാത്രമായിരുന്നു തടസ്സമായി നിന്നത്. അത്, അവൻ യേശുക്രിസ്തുവിൽ വിശ്വസിച്ചുവോ ഇല്ലയോ എന്നതായിരുന്നു. ആ മനുഷ്യൻ യേശുക്രിസ്തുവിനെ വിശ്വസിക്കുന്നത് ഉറപ്പാക്കുന്നതിന് മുമ്പ് അവനെ സ്നാനപ്പെടുത്തുവാൻ ഫിലിപ്പോസിന് അവകാശമില്ലായിരുന്നു. കർത്താവ് പറഞ്ഞിരുന്നത് ''വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (മർക്കൊസ്) എന്നത്രെ. അതുകൊണ്ടാണ് ഫിലിപ്പോസ്, ഷണ്ഡന്റെ വിശ്വാസത്തെ മനസ്സിലാക്കുവാൻ തുനിഞ്ഞത്. അവന്റെ ഏറ്റു പറച്ചിൽ കേട്ടയുടനെ ഫിലിപ്പോസ്, അവനെ സ്നാനം കഴിപ്പിച്ചു. അങ്ങനെ അവർ രണ്ടുപേരും വേർപിരിഞ്ഞു. ഒരു പക്ഷെ ഈ ലോകത്തിൽവെച്ചു വീണ്ടും കണ്ടുമുട്ടാതെയുമിരിക്കാം. സംശയാതീതമായ വിശ്വാസം ഒരു വ്യക്തിയിൽ അനുസരണത്തിനുമുൻപ് ഉണ്ടാകണം എന്നത് ഇതിൽനിന്നു വ്യക്തമാണ്.

യേശുക്രിസ്തുവിനെകുറിച്ചുള്ള സന്ദേശം കേട്ടയുടനെ വളരെ വേഗത്തിൽ സ്നാനത്തിന്റെ പ്രാധാന്യം അവൻ കാണുകയുണ്ടായി. അവൻ പെട്ടെന്ന് സ്നാനമേൽക്കുകയും ചെയ്തു. ഈ വിഷയത്തെ കുറിച്ച്, വലിയ പരിചയമൊന്നും ഇല്ലായിരുന്നുവെങ്കിലും അവന്

അതിൽ വലിയ ബുദ്ധിമുട്ട് ഉള്ളതായി പ്രകടിപ്പിച്ചില്ല. എന്നാൽ കുറെപേർക്ക് സ്നാനം ഒരു ബുദ്ധിമുട്ടുള്ള പ്രവർത്തിയായി തോന്നുന്നുണ്ട്. എത്യോപ്പ്യന് ഉണ്ടായിരുന്ന വിരോധം പിന്നീട് മററാരിലും ഉണ്ടായതായി നാം കാണുന്നില്ല. മനസ്സിലാക്കുമ്പോൾ അഥവാ ബൈബിളിൽ നിന്നും കേൾക്കുമ്പോൾ ദൈവത്തെ അനുസരിക്കേണ്ട ഒന്നാണ് സ്നാനം. നിർഭാഗ്യവശാൽ അനേകരുടെ ജീവിതത്തിൽ നീതീകരിക്കാനാവാത്ത തടസ്സങ്ങൾ ഉന്നയിച്ചുകൊണ്ട് സ്നാനത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നു. അങ്ങനെ ചെയ്യുമ്പോൾ അവർ ദൈവത്തെ അനുസരിക്കാതെ തള്ളികളയുകയാണ്. കർത്താവിനെ സ്നാനത്തിൽ അനുസരിക്കാതിരിക്കുന്നതിന് സാധാരണയായി പറഞ്ഞുകേൾക്കാറുള്ള ചില തടസ്സങ്ങൾ മാത്രം ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു.

എല്ലാവരിലും ഒരേ ഒഴിവുകഴിവുകൾ ആകണമെന്നില്ല. എന്നാൽ ഒന്നിൽ കൂടുതൽ തടസ്സങ്ങൾ പറയുന്നവരുമുണ്ട്. ഈ വിഷയം വളരെ വിശാലമാണെന്നതിനു സംശയമില്ല. നമ്മുടെ തലമുറ ദൈവത്തിന്റെ കല്പനയെ എത്രമാത്രം ലാഘവത്തോടെ കാണുന്നു എന്നതിന് തെളിവുകളാണ് നാം കാണുവാൻ പോകുന്നത്. ഏതൊരു പ്രവൃത്തിയും ചെയ്യുന്നതിനും ചെയ്യാതിരിക്കുന്നതിനും കാരണമുണ്ട്. ഓരോരുത്തരുടേയും മനസ്സ് എങ്ങനെയുണ്ടെന്ന് അത് വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവം സർവ്വജ്ഞാനിയാകയാൽ സകല മനുഷ്യരുടേയും ഹൃദയവും മനസ്സും അവനറിയാം. അതാണ് ദൈവത്തിന്റെ മുന്നറിവ്.

ഒന്നാമതായി അജ്ഞത കാരണം അനേകം പേർ സ്നാനമേൽക്കാതെ അല്ലെങ്കിൽ ദൈവത്തെ അനുസരിക്കാതിരിക്കുന്നു. അതിനർത്ഥം, അവരുടെ ആത്മരക്ഷക്ക് സ്നാനം ആവശ്യമാണെന്ന് അവർ അറിഞ്ഞിരിക്കയില്ല. ഉദാഹരണമായി എത്യോപ്പ്യൻ ആ വിഷയത്തെപ്പററി കേൾക്കുന്നതുവരെ.... ഗ്രഹിക്കുന്നതുവരെ സ്നാനമേൽക്കുന്നതിനുള്ള ആഗ്രഹമേ പ്രകടിപ്പിച്ചിരുന്നില്ല. കാരാഗ്രഹ പ്രമാണിയും തനിക്കുള്ളവരും സ്നാനത്തെ സംബന്ധിച്ച് മനസ്സിലാക്കിയ / ഉടനെ അവർ അത് ഏല്ക്കുകയുണ്ടായി. മുൻപ് അവർ അതു അറിഞ്ഞിരുന്നില്ല. അതുകൊണ്ട് ഒരാൾ, എപ്പോൾ സ്നാനത്തെ പററി കേൾക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നുവോ അപ്പോൾ സ്നാനമേൽക്കേണ്ടതാണെന്ന് ദൈവവചനം സൂചിപ്പിക്കുന്നു (പ്രവൃത്തി. 16: 33).

അടുത്തത് അവിശ്വാസമാണ്. വിശ്വാസമില്ലായ്മയാണ് ഏതാനുംപേരിൽ സ്നാനത്തിന് തടസ്സമായി നാം കാണുന്നത്. സംശയം ചിലർക്കുള്ളിൽ വേരൂന്നിയാൽ അതു ദൂരീകരിക്കാതെ ക്രിയാത്മകമായി അവർക്ക് ഒന്നും ചെയ്യാൻ കഴിയാതെ വരുന്നു. ശരിയായ

ഒരു തീരുമാനം എടുക്കുവാൻ പലപ്പോഴും ഇവർ വിഷമിക്കുന്നതു കാണാം. പാപമോചനത്തിന്, സ്നാനവുമായി എന്തു ബന്ധം എന്ന് അവിശ്വസിക്കുന്നവരുണ്ട്. അവരുടെ നിഗമനം, ''വെള്ളത്തിൽ മുങ്ങിയാൽ പാപം ക്ഷമിച്ചു കിട്ടുമോ'' എന്നതാണ്. എന്നാൽ ആ കല്പന നല്കിയിരിക്കുന്നത് ദൈവവും അതു പാപമോചനത്തിനായിട്ടാണ് അരുളിച്ചെയ്തിരിക്കുന്നതെന്നും നാം വിശ്വസിക്കണം. യേശു മരിച്ചുവെന്നോ, അടക്കപ്പെട്ടുവെന്നോ, ഉയിർത്തെഴുന്നേററുവെന്നോ മററുള്ളവർ വിശ്വസിക്കാത്തതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നില്ല എന്ന വാദഗതിക്കാരുണ്ട്. അതിൻെറ ആവശ്യകത മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ട് അവർ അതിൽ വിശ്വസിക്കുന്നില്ല, അതുകൊണ്ട് ദൈവത്തെ അനുസരിക്കുവാൻ അവർ തയ്യാറാകുന്നില്ല.

മൂന്നാമതായി പാരമ്പര്യം ധാരാളം പേരെ അകററി നിർത്തുന്നു. ദൈവത്തേക്കാളുപരി പാരമ്പര്യത്തെ മുറുകെ പിടിക്കുന്നവരുണ്ട്. അന്ധമായി മുൻഗാമികളെ പിൻതുടരുകയാണ് ഇവർ ചെയ്യുന്നത്. ഈ ലേഖകനോട് ഒരിക്കൽ ഒരു സ്ത്രീ പറയുകയുണ്ടായി ''എനിക്ക് ഞങ്ങളുടെ സമുദായത്തിൽ ഒരു ജോലിയുള്ളതിനാൽ സ്നാനമേൽക്കുവാൻ കഴിയുന്നില്ല'' എന്ന്. ആ ജോലി സ്ഥിരമാകട്ടെ എന്നിട്ട് സ്നാനമേല്ക്കാം എന്ന് അവൾ പറഞ്ഞു. പാരമ്പര്യസമുദായമാണ് അവൾക്ക് ജോലി നല്കിയത്. അതുകൊണ്ട് അവരോട് ഒരു കടപ്പാട്. പാരമ്പര്യമായ ആചാരങ്ങൾ പലരേയും പിന്നിലേക്ക് വലിക്കുന്നുണ്ട്. ദൈവവചനത്തെ നമ്മുടെ പാരമ്പര്യംകൊണ്ട് നാം ദുർബലമാക്കരുത് എന്നത്രെ, കർത്താവ് പഠിപ്പിച്ചത്.

പാരമ്പര്യമായ ഉപദേശങ്ങൾ ഇന്ന് ലോകമെങ്ങും വ്യാപിച്ചു കിടക്കുന്നു. ഭൂരിഭാഗം പേരെയും സ്നാനമേല്ക്കാതിരിക്കുവാൻ തടസ്സപ്പെടുത്തുന്ന പാരമ്പര്യചടങ്ങാണ് ശിശുസ്നാനം. ഏതാണ്ട് എഴുപത് വയസ്സ് പ്രായമുള്ള ഒരു മനുഷ്യനെ ഞാൻ ഓർക്കുന്നുണ്ട്. ഇത്രയും വർഷം ജീവിച്ച അദ്ദേഹം വിചാരിച്ചത്, താൻ സ്നാനപ്പെട്ടു എന്നു തന്നെയാണ്. കാരണം അദ്ദേഹത്തിൻെറ മാതാപിതാക്കൾ, ശിശുവായിരുന്നപ്പോൾ സ്നാനം നല്കിയിട്ടുണ്ടെന്നും അതു മതിയാകുമെന്നതായിരുന്നു തോന്നൽ. അതുകൊണ്ട് അയാളും അയാളുടെ മാതാപിതാക്കളും ഈ പ്രവൃത്തിയിലൂടെ ദൈവകല്പനയെ ദുർബ്ബലമാക്കുകയായിരുന്നു ചെയ്തതെന്ന് അവർക്കറിഞ്ഞുകൂടായിരുന്നു (മത്തായി. 15:6). സ്നാനമെന്നാൽ അടക്കമാണെന്നും അതു വിശ്വസിച്ച് മാനസാന്തരപ്പെട്ടശേഷം എടുക്കേണ്ടതാണെന്നും ബോധ്യമായ ഉടനെ പാപമോചനത്തിനായി ദൈവം കല്പിച്ചിരിക്കുന്ന യഥാർത്ഥ സ്നാനമേൽക്കുകയുണ്ടായി. പോസ്ററ് ഗ്രാജുവേററ്

ഡിഗ്രിയും ഹൈസ്ക്കൂൾ അദ്ധ്യാപനവും എഴുപതു വർഷക്കാല ജീവിതവും ഉണ്ടായിരുന്ന അദ്ദേഹം ഈ സത്യം അറിഞ്ഞിരുന്നില്ല എന്നതാണ് പരമാർത്ഥം.

ഭയം പലരേയും ദൈവത്തെ അനുസരിക്കുന്നതിൽനിന്നു പിൻമാറ്റുന്നുണ്ട്. ചിലർക്ക് വെള്ളത്തെ ഭയമാണ്. എന്നുവെച്ചാൽ ജലത്തിൽ മുങ്ങുന്നതു ഭയപ്പാടോടെ കാണുന്നു, അതൊരു തടസമായി കാണുന്നു. കർത്താവിൽ കൂടുതൽ ആശ്രയമാണ് ഇവർക്കു വേണ്ടത്. അവർ വാസ്തവമായി ദൈവത്തെ വിശ്വസിക്കുകയാണെങ്കിൽ ഭയപ്പെടേണ്ട കാര്യമെന്ത് ?

വേറെ ചിലർക്ക് ക്രിസ്തീയ ജീവിതം നയിക്കുവാൻ സാധിക്കുമോ എന്ന ഭയമാണ്. സകല ബലഹീനതയിലും ബലം നല്കി ശക്തീകരിക്കുന്ന ദൈവം അവരോടുകൂടെയുണ്ടായിരിക്കും എന്ന തോന്നലും ഉറപ്പും അവർക്കുണ്ടായാൽ അതു മാറികിട്ടും (2 കൊരി 12: 10). ഒരാൾക്ക് താൻ ഏററവും മോശമാണ് എന്ന ഒരു തോന്നൽ ഉണ്ടാകുമ്പോൾ അത് അത്യധികം ആശ്രയം ദൈവത്തിൽ അർപ്പിക്കുവാൻ ഇടയായിത്തീരും.

മററു ചിലർ വിചാരിക്കുന്നത്, ഞാൻ സ്നാനപ്പെട്ടാൽ ആളുകൾ എന്തു വിചാരിക്കും ? സമുദായമെന്തു വിചാരിക്കും ? സ്നാനത്തെ ശരിയായി പഠിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ചെയ്യാത്ത പുരോഹിതൻമാരെ പിന്നെ എങ്ങനെ നേരിടും ? എന്നൊക്കെ ഭയപ്പെടുന്നവരുണ്ട്. ബന്ധുക്കൾ എല്ലാം അകന്നുപോകും എന്ന് ഭയപ്പെടുന്നവരും ഇല്ലാതില്ല. എനിക്കറിയാം ഒരു സ്ത്രീ സ്നാനപ്പെടുവാൻ തയ്യാറായപ്പോൾ എന്തുമാത്രം ഭയപ്പെട്ടിരുന്നു എന്ന്. മക്കളുടെ വിവാഹത്തെ ഭയന്ന് സ്നാനമേൽക്കാതിരിക്കുന്നവരുണ്ട്. അവർക്ക് അനുയോജ്യരായ പങ്കാളികളെ കിട്ടിയില്ലെങ്കിലോ എന്നു പേടിക്കുന്നവരും നമ്മുടെ സമൂഹത്തിലുണ്ട്. ദൈവം നമുക്ക് അനുകൂലമെങ്കിൽ നാം മറെറന്തിനെ ഭയപ്പെടണം എന്ന ഉറച്ച വിശ്വാസമാണ് ഇവർക്കാവശ്യം. മററുള്ളവർ പരിഹസിക്കുമെന്നു ഭയപ്പെടുന്നവർ ഓർക്കേണ്ടത്, ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിലെ ദൂതൻമാർ പോലും സന്തോഷിക്കുന്ന ഒന്നാണ് എന്നതാണ്. മാതാപിതാക്കളെയും പാരമ്പര്യത്തെയും ബന്ധുമിത്രാദികളേയും ഭയപ്പെട്ടിരുന്ന ഒരു പെൺകുട്ടിക്ക്, അവയെക്കാൾ ദൈവത്തെയാണ് ഭയപ്പെടേണ്ടത് എന്ന് വ്യക്തമായപ്പോൾ അതേ രാത്രിതന്നെ സ്നാനപ്പെട്ട ഒരു സംഭവം എനിക്കറിയാം (റോമർ 6:3 ; ഗലാ 3: 27).

വീട്ടുകാരുടേയും സ്നേഹിതരുടേയും എതിർപ്പിനെ ഭയന്ന് സ്നാനമേല്ക്കാതിരിക്കുന്ന ഏതാനും പേരെ എനിക്കറിയാം.

പല രീതിയിൽ ഉള്ള ഭീഷണിയെയാണ് അവർ നേരിടുന്നത്. സ്നാനമേററാൽ പിന്നെ ഞങ്ങൾക്ക് നിങ്ങളോട് യാതൊരു ബന്ധവുമില്ല; നിങ്ങളുടെ ആവശ്യങ്ങളിലൊന്നും ഞങ്ങൾ സഹകരിക്കുകയില്ല എന്നൊക്കെ പറഞ്ഞ് പിന്തിരിപ്പിക്കും. സ്നാനപ്പെട്ടു എന്ന കാരണത്താൽ ഒരു യുവാവിനെ വീട്ടിൽനിന്നു പുറത്താക്കിയ സംഭവംപോലും നടന്നതായി ഈ ലേഖകന് അറിയാം. ഇത് വിശ്വാസത്തിൽ നേരിടുന്ന കഠിനമായ ഒരു പരീക്ഷണമാണ്. യേശുക്രിസ്തു പറയുന്നത് എന്താണെന്ന് നോക്കാം. 'എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരികളെയും സഹോദരൻമാരെയും സ്വന്തജീവനെയുംകൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല, (ലൂക്കോസ് 14: 26). വെറുപ്പ് അഥവാ പക സ്നേഹമില്ലായ്മയെ സൂചിപ്പിക്കുന്നു. താൻ ജീവിക്കുന്നത് കർത്താവിനു വേണ്ടിയാണോ അതോ അപ്പനായോ എന്നു തീരുമാനിക്കേണ്ട സമയം എല്ലാവർക്കും വരും.

അടിസ്ഥാന രഹിതമായ പ്രതിജ്ഞകൾ ചിലരെ തടസപ്പെടുത്താറുണ്ട്. ഒരാൾ തന്റെ, മരണശയ്യയിൽ കിടന്ന മാതാവിനോട് താൻ സ്നാനമേൽക്കുകയോ കർത്താവിന്റെ സഭയിൽ അംഗമായിത്തീരുവാൻ ശ്രമിക്കുകയോ ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. എന്നാൽ പിന്നീട് സ്നാനമെന്താണെന്നും കർത്താവിന്റെ സഭ എന്താണെന്നും, മനസ്സിലാക്കിയപ്പോൾ അദ്ദേഹം ചെയ്തുപോയ വിഡ്ഢിത്തരത്തെ ഓർത്തു ദുഃഖിക്കേണ്ടിവന്നു. മനുഷ്യരോട് നാം ചെയ്യുന്ന വ്യർത്ഥമായ വാഗ്ദാനങ്ങളേക്കാൾ ദൈവത്തോട് നമുക്കുള്ള കടപ്പാടിനെയാണ് അങ്ങനെയുള്ളവർ കാണേണ്ടത്. പ്രഥമസ്ഥാനം ദൈവത്തിനു നല്കിയാൽ മാത്രമെ നാം അവന്റെ ഹിതത്തെ മാനിക്കുന്നവരാകയുള്ളു. ദൈവത്തിന്റെ കല്പനയെ ലംഘിച്ച് നാം മററന്തു ചെയ്താലും നിത്യ ശിക്ഷാവിധിയിൽ നിന്നു രക്ഷപ്പെടുകയില്ല.

തങ്ങൾ നല്ലവരാണെന്നും വലിയ പാപമൊന്നും ചെയ്യുന്നില്ലെന്നും അതുകൊണ്ട് സ്നാനം ആവശ്യമില്ലെന്നു പറയുന്ന കുറെ പേരുണ്ട്. പ്രവൃത്തികളുടെ പുസ്തകം 10–ാം അദ്ധ്യായത്തിൽ നീതിമാനും നല്ലവനുമായ ഒരാളെപ്പററി വിവരിക്കുന്നുണ്ട്. കൊർന്നേല്യോസ് വളരെ നല്ലവനായിരുന്നു. എന്നാൽ അവനും പാപമോചനത്തിനായ സ്നാനം ഏല്ക്കേണ്ടിയിരുന്നു എന്ന കാര്യം ഇവർ അറിഞ്ഞിരിക്കണം. കർത്താവിന്റെ സഹായം ആവശ്യമില്ലാത്തത്ര നല്ലവർ ആരുമില്ല. അതുപോലെ തന്നെ സ്നാനപ്പെടാതിരിക്കാൻ തക്ക നന്മ ഒരുത്തരിലുമില്ല എന്നതാണ് യാഥാർത്ഥ്യം.

കർത്താവ് രക്ഷിക്കാത്തവിധം തങ്ങൾ ഘോരപാപികളാണെന്ന് കരുതുന്നവർ, സ്നാനപ്പെട്ടാലും അത് ക്ഷമിച്ചുകിട്ടുകയില്ല എന്ന

തോന്നലിലാണ്. എന്നാൽ ശൗലായിരുന്ന പൗലോസ് പറയുമ്പോൾ
അവൻ പാപികളിൽ മുഖ്യനായിരുന്നു എന്നാണ് പ്രസ്താവി
ച്ചത്. അതുകൊണ്ട് അവൻ കർത്താവിൽ ആശ്രയിക്കുകയും പാപ
മോചനത്തിനായി സ്നാനമേൽക്കുകയും ചെയ്തു. (റോമർ 6:3–4).
ആരും നശിച്ചു പോകണമെന്ന് ദൈവത്തിനാഗ്രഹമില്ല. എല്ലാവ
രെയും രക്ഷിക്കുവാനാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്
(എബ്രായർ 7:25).

പ്രായാധിക്യമായി എന്ന തോന്നലും, ഞങ്ങൾ തീരെ ചെറുപ്പ
മാണ്, ഇനിയും സമയമുണ്ടല്ലോ എന്ന് ചിന്തിക്കുന്നവരും ഉണ്ട്.
പാപത്തെക്കുറിച്ച് കുററബോധം ഉണ്ടാവുകയും ദൈവത്തിൽ ഹൃദ
സ്ഥമായി വിശ്വസിക്കുകയും, മനസ്സിൽ പാപത്തെ ഉപേക്ഷി
ക്കുകയും ചെയ്യുവാൻ കഴിവുള്ള ഏതു പ്രായക്കാർക്കും സ്നാന
മാകാം. സ്നാനപ്പെടുന്നതിന് പ്രായം ഒരു തടസ്സമായി തീര
രുത്. ദൈവം നമ്മുടെ പ്രായമല്ല നോക്കുന്നത്. നാം എത്രമാത്രം
അവനെ അനുസരിക്കുന്നുവെന്നാണ് അവൻ വീക്ഷിക്കുന്നത്.

ലോകത്തോടുള്ള സ്നേഹം കുറെപ്പേരെ സ്നാനപ്പെടാതിരിക്കു
വാൻ തടസപ്പെടുത്തുന്നുണ്ട്. അവരിൽനിന്നും ദൈവം പ്രതീക്ഷി
ക്കുന്നതെന്താണെന്ന് അവർക്കറിയാം. എന്നാൽ ലോകത്തോടുള്ള മോ
ഹം അവർക്ക് ഉപേക്ഷിക്കുവാൻ സാദ്ധ്യമല്ല. കക്ഷത്തിലിരി
ക്കുന്നത് കളയാനും വയ്യ, ഉത്തരത്തിലിരിക്കുന്നത് എടുക്കുകയും
വേണം എന്ന സ്വഭാവക്കാരുമുണ്ട്. അത് അസാദ്ധ്യം തന്നെ. അവർ
ഫേലിക്സിനെപ്പോലെ അനുകൂലമായ അവസരത്തിനുവേണ്ടി കാത്തി
രിക്കുന്നവരാണ്. അത്തരത്തിലുള്ള അവസരം അവർക്ക് ഒരിക്കലും
വന്നു ചേരണമെന്നില്ല (പ്രവൃത്തി 24:25). താല്ക്കാലിക സുഖ
ഭോഗങ്ങൾക്കു വേണ്ടി നിത്യമായ അനുഗ്രഹങ്ങൾ തള്ളി കളയുന്നത്
എത്ര പരിതാപകരമാണ്? എന്നാൽ ഓരോരുത്തരും ദൈവത്തോട്
കണക്കു ബോധിപ്പിക്കേണ്ടി വരും എന്നത് പ്രസ്താവ്യമത്രെ (റോമർ
14: 12).

അവസാനമായി എനിക്കു പറയുവാനുള്ളതെന്തെന്നാൽ ക്രിസ്
തുവിനോട് ചേരുവാൻ ദൈവം അരുളിച്ചെയ്തിരിക്കുന്ന സ്നാനം
ഏല്ക്കാതിരിക്കുവാൻ മുകളിൽ പറഞ്ഞതോ അല്ലാത്തതോ ആയ യാ
തൊന്നും തടസ്സമായി നില്ക്കരുത്. വിശ്വസിക്കുകയും സ്നാന
മേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. ആകയാൽ ബുദ്ധി
ഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് തിരിച്ചറിഞ്ഞ്
അനുസരിക്കുക. ആത്മാവ്, നല്കിയിരിക്കുന്ന അവന്റെ നിർ
ദ്ദേശം അന്തിമമാണ്. ദൈവത്തിന്റെ വാസം നമ്മിൽ വേണമെന്ന്
നാം ആഗ്രഹിക്കുന്നുവെങ്കിൽ പ്രതികൂലങ്ങളെ അവഗണിച്ചുകൊണ്ട്,
തടസ്സങ്ങളെ മാററി നിത്യജീവൻ ലഭിക്കേണ്ടതിന് നിങ്ങൾ തീരു
മാനമെടുക്കുക. ദൈവത്തിന്റെ അനുഗ്രഹം നിങ്ങൾക്കായി കാത്തി
രിക്കുന്നു. O

# ദൈവം Vs മനുഷ്യൻ

AD 33–ൽ ദൈവം തന്റെ പ്രവാചകൻമാരിലൂടെ നല്കിയ വാഗ്ദാനമനുസരിച്ച് യേശുക്രിസ്തുവിലൂടെ സ്ഥാപിച്ച ഏക (തന്റെ ശരീരമാകുന്ന) സഭയിൽ നിന്നും വർഷങ്ങളിലൂടെ മനുഷ്യർ പുതിയ പുതിയ ആശയങ്ങളും അഭിപ്രായങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് വിഭാഗിക്കപ്പെട്ടു.

ദൈവ വചനത്തിന് വിപരീതമായിരുന്ന ഇപ്രകാരമുള്ള ഭിന്നതകളെ [1 കൊരിന്ത്യർ 1:10, 3:11, റോമർ 16: 17–18], യോഹന്നാൻ 17:21, എഫെസ്യർ 4:4, 1 തിമൊഥെ 1:3] തെറ്റാണെന്ന് തിരുവചനം വ്യക്തമാക്കുന്നുണ്ട്. ക്രിസ്തുവിന്റെ സഭയിൽ, സംഭവിച്ച ചില വ്യതിയാനങ്ങളെക്കുറിച്ച് താഴെ രേഖപ്പെടുത്തുന്നു.

[AD 33 ൽ യേശുക്രിസ്തുവിന്റെ നാമത്തിലും അധികാരത്തിലും യെരുശലേമിൽ സഭ ആരംഭിക്കുന്നു.]

AD 606 റോമൻ കത്തോലിക്ക സഭ റോമിൽ ആരംഭിച്ചു. ബോണിഫെസ് 3–ാമൻ [Boniface III] ആയിരുന്നു ആദ്യത്തെ മാർപ്പാപ്പ [Pope]

AD 1530 മാർട്ടിൻ ലൂതറിന്റെ അനുയായികൾ ലൂതറൻ സഭ [Lutheran] സ്ഥാപിക്കുന്നു. ആഗ്സ്ബെർഗ് [Augsberg] എന്ന സ്ഥലത്താണ് ഈ ഘടകം സ്ഥാപിക്കപ്പെട്ടത്.

AD 1535 സ്വിററ്സർലണ്ടിൽ [Switzerland]–ൽ ജോൺ കാൽവിൻ [John Calvin]–ന്റെ നേതൃത്വത്തിൽ പ്രസ്ബിറററിയൻ സഭ [Presbyteran] അഥവാ Calvinism ആരംഭിച്ചു.

AD 1535 എപ്പിസ്കോപ്പൽ [Episcopal] വിഭാഗം ഇംഗ്ളണ്ടിൽ ഹെൻട്രി 8–ാമന്റെ [HENRY VIII] നേതൃത്വത്തിൽ രൂപംകൊണ്ടു.

AD 1607 ബാപ്ററിസ്ററ് സഭ [Baptist] ലണ്ടനിൽ ജോൺ സ്മിത്ത് [John smith] എന്ന വ്യക്തിയിലൂടെ ആദ്യമായി ഉടലെടുക്കുന്നു.

AD 1639 അമേരിക്കൻ ബാപ്ററിസ്ററ് സഭ റോജർ വില്യംസിന്റെ നേതൃത്വത്തിൽ Rhode island–ൽ സ്ഥാപിച്ചു.

AD 1729 മെത്തഡിസ്ററ് വിഭാഗം [Methodist] ജോൺ വെസ്ലിയുടെ അദ്ധ്യക്ഷതയിൽ ലണ്ടനിൽ രൂപംകൊണ്ടു. [John wesley]

AD 1830 ന്യൂയോർക്ക് നഗരത്തിൽ ജോസഫ് സ്മിത്തിന്റെ [Joseph Smith] ന്റെ ചുമതലയിൽ മോർമോൺ [Mormon] വിഭാഗം രൂപംകൊണ്ടു.

AD 1831 വില്യം മില്ലറിന്റെ നേതൃത്വത്തിൽ അഡ്വെൻടിസം [Adventism] എന്ന വിഭാഗം ഉണ്ടായി.

AD 1864 ശബ്ബത്ത് ആചരിക്കുന്ന Seventh-Day Adventist സഭ Mr & Mrs ജെയിംസ് വൈറ്റ് [James white] എന്ന വ്യക്തികളുടെ നേതൃത്വത്തിൽ ഉടലെടുത്തു.

AD 1879 ക്രിസ്ത്യൻ സയൻസ് സഭ [Christian Science Church] ബോസ്റ്റൺ നഗരത്തിൽ മേരിബെക്കർ എഡ്ഡി എന്ന വനിതയാൽ രൂപംകൊണ്ടു.

AD 1914 അസംബ്ലീസ് ഓഫ് ഗോഡ് [Assemblies of God] etc...., etc,

ഇങ്ങനെ നമ്മുടെ ചുററും നാം കാണുന്ന എല്ലാ വിഭാഗങ്ങളും ചില വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും പരിശ്രമഫലമായി ചുരുങ്ങിയ കാലങ്ങൾകൊണ്ട് ഉടലെടുത്തതാണ്. ഇനിയും അനേകം വിഭാഗങ്ങൾ ഇതുപോലെ രൂപംകൊണ്ടു എന്നു വരാം. ആരോ ചിലർ അവകാശപ്പെട്ടതുപോലെ എല്ലാവരെയും [എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളെയും] ദൈവം ഒരേപോലെ കാണും എന്ന് അവകാശപ്പെടുന്നത് വചന വിരുദ്ധമാണ്.

എല്ലാ ക്രിസ്ത്യാനികളും ദൈവവചനത്തിൽ പരിപൂർണ്ണമായി അടിസ്ഥാനപ്പെട്ടുകൊണ്ട് ക്രിസ്തീയ ജീവിതം നയിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. അവരെയാണ് യഥാർത്ഥത്തിൽ ശിഷ്യൻമാർ അല്ലെങ്കിൽ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നത്. ശ്രദ്ധിക്കുക ''തന്നെ വിശ്വസിച്ച യഹൂദൻമാരോട് യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി **എന്റെ ശിഷ്യൻമാരായി** സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു. യോഹന്നാൻ 8: 31–32'', [യോഹന്നാൻ 17:17, അപ്പോസ്തലപ്രവൃത്തികൾ 11:26, മത്തായി 28:18–20].

ഇന്നു നമ്മുടെ ചുററും കാണുന്ന എല്ലാ വിഭാഗങ്ങളും ദൈവവചനം മാത്രമാണ് പൂർണ്ണമായി അംഗീകരിക്കുന്നത് എങ്കിൽ അവിടെ ഐക്യത [UNITY] ഉണ്ടാവുകയില്ലേ? പക്ഷേ എന്തുകൊണ്ട് ഇന്ന് ഒരു വിഭാഗം മറെറാരു വിഭാഗത്തെ അംഗീകരിക്കുന്നില്ല. കാരണം പരസ്പരം ബന്ധിക്കപ്പെടുന്നതിന് ഏകമായ ഒരു അടിസ്ഥാനം ഇല്ല എന്നതുതന്നെ. [1 കൊരിന്ത്യർ 3:11, എഫെസ്യർ 2:20] ദൈവവചനത്തിൽ നിലനില്ക്കാതെ മാനുഷികമായ ആചാരങ്ങളിലും കല്പനകളിലും അടിസ്ഥാനപ്പെട്ടിരിക്കുന്ന ഒരു വിഭാഗവും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല. മത്തായി 15:9 [യോഹന്നാൻ 12: 48, ഗലാത്യർ 1: 6–9, വെളിപ്പാട് 22: 18–19, സദൃശവാക്യം 30:6, ആവർത്തന പുസ്തകം 4:2].

ഈ സത്യങ്ങളുടെ മുൻപിൽ താങ്കൾ സ്വയം ശോധന ചെയ്യുമോ. ദൈവം നമ്മെ വഴി നടത്തുന്നതിന് നല്കിയ വചനത്തിൽ മാത്രമാണോ നാം നിലനിൽക്കുന്നത് അല്ലെങ്കിൽ ദയവുചെയ്ത് വചനത്തിലൂടെ ദൈവഹിതം കണ്ടെത്തുക; ദൈവത്തിന്റെ സഭയെ കണ്ടെത്തുക.

O

# സ്വീകാര്യമായ ആരാധന

ജോൺ. എം. ഹർട്ട്

കാലാകാലങ്ങളായി മനുഷ്യൻ ലോകത്തിൽ ഒരു മനുഷ്യാതീതമായ ബുദ്ധിശക്തി (supreme intelligence) നിലവിലുണ്ടെന്ന് അനുഭവപ്പെട്ടിട്ടുണ്ട്. ഈ തോന്നൽ വേദപുസ്തകത്തിൽ നിന്നുമാത്രമല്ല ഭൗതികമായ ചുററുപാടുകളിൽ നിന്നും വന്നിട്ടുള്ളതാകുന്നു. വളരെ കാലംമുൻപ് ദാവീദ് പറഞ്ഞു ''ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു (സങ്കീ. 19:1). ഈ കാലാകാലങ്ങളിലെല്ലാം ദൈവത്തെ ആരാധിക്കുന്നതിൽ നാം ചെലവഴിച്ചിട്ടുള്ള താൽപ്പര്യം വെച്ചു നോക്കുമ്പോൾ ഈ ആരാധനകൾ നടത്തിയിട്ടുള്ള രീതികൾ കൊണ്ട് അവ ദൈവത്തിനു സ്വീകാര്യമായിരുന്നില്ല എന്നുള്ളത് ദുഃഖകരമാകുന്നു. യിസ്രായേൽ മക്കൾ സ്വർണ്ണക്കാളക്കുട്ടിയെ ആരാധിച്ചപ്പോൾ അവരെ ഈജിപ്തിൽ നിന്നും കൊണ്ടുവന്ന ദൈവമാണത് എന്ന് അവർ പറഞ്ഞു (നെഹമ്യാ 9: 18). വേദപുസ്തകം പഠിപ്പിക്കുന്നത് ഈ ആരാധന അവരുടെ ആകാംക്ഷ കൊണ്ടാണെങ്കിലും ദൈവത്തിന്റെ മുൻപാകെ വെറുപ്പായിരുന്നു (പുറ: 32: 8–10).

ബാൽ, ദാഗോൻ, അശേരാത്ത്, മാലേഖ് എന്നീ ബിംബങ്ങളുടെ ആരാധനയെപ്പററി വായിക്കുമ്പോൾ, നമ്മുടെ ആരാധന ദൈവം സ്വീകരിക്കണമെങ്കിൽ അത് ഏക സത്യദൈവത്തിനോട് ആയിരിക്കണമെന്നുള്ളതു കൂടാതെ ദൈവം നൽകിയിട്ടുള്ള വഴി അനുസരിച്ചും കൂടി ആയിരിക്കണമെന്ന് നമ്മെ മനസ്സിലാക്കുന്നു. ഈ വിഗ്രഹാരാധനക്കാർ അവർ ആരാധിക്കുന്നത് ഭൂലോകത്തിന്റെ പരമോന്നത സ്രഷ്ടാവിനെയാകുന്നു എന്ന് അവകാശപ്പെടുന്നു. യിസ്രായേൽ മക്കൾ അതിന് വേറെ പേര് നൽകിയിരുന്നുവെന്നുമാത്രം. ഇവരിൽ മിക്ക ആളുകളും ഈ കൽപ്രതിമകളെ ആരാധിക്കുന്നത് തങ്ങളെ സഹായിച്ച ദൈവത്തിന്റെ ഉപനിധിയായിട്ടാണ്, അല്ലാതെ അവയെ യഥാർത്ഥ ദൈവമായി കരുതുന്നില്ല എന്നു കാണുന്നു (പുറപ്പാ: 32: 4–6). എങ്ങനെ ആയിരുന്നാലും നമ്മുടെ ആരാധനകൾ എത്രതന്നെ (പരമാർത്ഥമായിട്ടുള്ള) നിർമ്മലമായിട്ടുള്ളതാണെങ്കിലും ദൈവം നൽകിയിട്ടുള്ള നിബന്ധനകൾ അനുസരിച്ചിട്ടുള്ളതല്ലായെങ്കിൽ അവ ദൈവത്തിനു സ്വീകാര്യമല്ല.

# ആത്മാവിലും സത്യത്തിലും

ക്രിസ്തു പറയുന്നു യഥാർത്ഥമായി ആരാധിക്കുന്നവർ (സത്യ
നമസ്കാരികൾ) 'പിതാവിനെ ആത്മാവിലും സത്യത്തിലും നമ
സ്കരിക്കേണം' (യോഹ 4: 23). നമ്മുടെ ആരാധന (പരമാർത്ഥ)
നിർമ്മലമനസ്സോടുകൂടി ആയിരിക്കണമെന്നുള്ളതു മാത്രമല്ല, ക്രി
സ്തുവും, ദൈവ പ്രചോദനം ലഭിച്ചിട്ടുള്ള അപ്പോസ്തലൻമാരും
പറഞ്ഞിട്ടുള്ള അതേരീതിയിൽ അർപ്പിക്കപ്പെടേണ്ടതാകുന്നു. സത്യ
ത്തിൽ ആരാധിക്കണമെങ്കിൽ ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്ന
തുപോലെ നാം ആരാധിക്കണം. ക്രിസ്തു തന്റെ പിതാവിനോട്
പ്രാർത്ഥിച്ചപ്പോൾ ''സത്യത്തിൽ'' ''ആരാധിക്കണം'' എന്നുള്ള
വചനത്തെ വ്യക്തമാക്കിയിരിക്കുന്നു. അതായത് സത്യത്താൽ അവ
രെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു
(യോഹ 17: 17). അതുകൊണ്ട് സത്യത്തിൽ ആരാധിക്കുക എന്നുള്ള
ത് പുതിയ നിയമം നൽകിയിട്ടുള്ള അതേ മാർഗ്ഗത്തിൽ ആയിരി
ക്കേണം എന്നാകുന്നു. കാലാകാലങ്ങളിലായി പുതിയനിയമകാലത്തു
ചെയ്തിരുന്നതും പഠിപ്പിച്ചിട്ടുള്ളതുമായ മാർഗ്ഗങ്ങളിൽ നിന്നും
വ്യത്യാസപ്പെട്ട് ദൈവത്തെ പല വിധത്തിൽ ആരാധിച്ചുകൊണ്ട് ത
ങ്ങൾ ക്രിസ്ത്യാനികൾ എന്നു കരുതുന്നവരുണ്ട്. അവർ ക്രിസ്തു
വിനെ നിർമ്മലതയോടെ പരമാർത്ഥമായി ആരാധിക്കുന്നുണ്ടെന്നും,
അതുകൊണ്ട് യഥാർത്ഥമായിട്ടുള്ള ആരാധനാരീതിക്ക് പ്രാധാന്യമി
ല്ലെന്നും പറയുന്നു. ഇതേ കാരണങ്ങളാണ് ബാൽ, മോലേഖ്, പൊൻ
കാളക്കുട്ടി ഇവയെ ആരാധിക്കുന്നതിന് ന്യായം നല്കിയിരുന്നതും
ക്രിസ്തു ഇല്ല എന്നു പറഞ്ഞുകൊണ്ട് അവനുവേണ്ടി നിലകൊ
ള്ളുന്ന ബുദ്ധമതം, ഹിന്ദുമതം, ഇസ്ലാംമതം എന്നീ ആധുനിക
തെററായ മതങ്ങളെപ്പററി ഒന്നും തന്നെ പറയാതിരിക്കുന്നതും.

# നിർമ്മലത (നല്ല മനസാക്ഷി) കൂടാതെ എന്താവശ്യം?

സ്വീകാര്യമായ ആരാധനയിൽ നിർമ്മലത വളരെ ഉണ്ടെങ്കിലും
അതു മാത്രം മതിയാകുന്നില്ല. മുൻപറഞ്ഞ ഓരോ കൂട്ടത്തിലും
ധാരാളം നിർമ്മല ആരാധനക്കാർ ഉണ്ടെങ്കിലും നിർമ്മലത മാത്രം,
ദൈവ നിയമത്തിനെതിരായുള്ള അവരുടെ എതിർപ്പിനെ നീതീകരി
ക്കുന്നില്ല എന്നു ചിലർ സംശയിച്ചേക്കാം. പൗലോസ് ക്രിസ്ത്യാ
നികളെ ഉപദ്രവിച്ചിരുന്നപ്പോൾ അവൻ ദൈവത്തിന്റെ പ്രമാണങ്ങളെ
എല്ലായിടത്തും നിറവേററുകയാണെന്ന് വിചാരിച്ചു. നിർമ്മല മന
സാക്ഷിയോടെ ചെയ്തു. പിന്നീട്, അങ്ങനെ പ്രവർത്തിച്ചതു
വലിയ പാപം ചെയ്യുകയായിരുന്നു എന്നു മനസിലാക്കി. (പ്രവൃ.
22: 3–8, 23:1) അതുകൊണ്ട് സ്വീകാര്യമായ ആരാധന ദൈവത്തെ

പ്രസാദിപ്പിക്കുന്നതിനുള്ള നമ്മുടെ ചിന്ത അനുസരിച്ചുള്ളതല്ല, വേദപുസ്തകത്തിൽ എന്താണ് ദൈവം ആവശ്യപ്പെട്ടിരിക്കുന്നതെന്നു പറഞ്ഞിരിക്കുന്നത് അനുസരിച്ചുള്ളതാണ്.

ഉദാഹരണമായി ചെറുപ്പക്കാരായ ആളുകൾക്കു കൂടുതൽ അനുകാര്യമായ കേക്കും ലഹരിയില്ലാത്ത പാനീയം കുടിക്കുവാനായും, ക്രിസ്തുവിന്റെ മേശയിൽ അപ്പത്തിനോടും വീഞ്ഞിനോടും കൂടെ ഉപയോഗിക്കാമെന്നു ചിലർ ചിന്തിച്ചേക്കാം. വേദപുസ്തകത്തിൽ അങ്ങനെ ചെയ്യരുത് എന്നു പറഞ്ഞിട്ടില്ലാത്തതുകൊണ്ട് അങ്ങനെ ചെയ്യുന്നതിൽ തെററില്ല എന്ന കാരണമാണ് അവർ പറയുന്നത്. അവർ ലൗകീകമായ മനസ്സോടുകൂടി ക്രിസ്തുവിന്റെ ഉപദേശത്തെ ക്രൂരമായി ഉയർത്തിക്കാണിക്കുന്നു. ഇവിടെ പ്രധാനമായ കാര്യം ദൈവത്തിനു സ്വീകാര്യമായി ആരാധിക്കുന്നതിനു നാം പുതിയ നിയമ മാതൃക അനുസരിക്കണമെന്നുള്ളതാണ്. അല്ലാതെ കൂടുതൽ അനുകാര്യം എന്ന് നാം ചിന്തിക്കുന്ന വിധത്തിലല്ല. ദൈവത്തിന്റെ വചനം ഓർക്കുക ''എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല'' (യെശ 66: 8). നാം അത്ഭുതകരവും സുന്ദരവും ആയിരിക്കുമെന്നു ചിന്തിച്ച് ആരാധിക്കുന്നത് ചിലപ്പോൾ ദൈവത്തിന്റെ മുൻപാകെ വിലയില്ലാത്തതും വെറുക്കപ്പെട്ടതും ആയിരിക്കാം. സ്വീകാര്യമായ ആരാധനക്കുള്ള ഒരു രീതി ശരിയാണോ തെററാണോ എന്നു സ്ഥാപിക്കണമെങ്കിൽ അതിനുള്ള അംഗീകാരം പുതിയ നിയമത്തിൽ കാണുവാൻ കഴിയും.

## ആരാധനയിലുള്ള മാററങ്ങൾ
### (changes in worship)

നാം പിന്നീട് പറവാൻ പോകുന്നതു പോലെ സാധാരണ ആചരിക്കുന്ന ചില ആധുനിക രീതികൾ പുതിയനിയമ സഭയിൽ, അപ്പോസ്തലൻമാർ ജീവിച്ചിരുന്ന കാലത്തോളം അനുവദിക്കപ്പെട്ടിരുന്നില്ല. ദൈവത്തിന്റെ പ്ലാനിനെ ഏതെങ്കിലും തരത്തിൽ വ്യത്യാസപ്പെടുത്തുന്നത് ആ ആരാധനയെ മുഴുവൻ ഉപയോഗശൂന്യമാക്കുമെന്ന് ക്രിസ്തു പഠിപ്പിച്ചു. അങ്ങനെ ചെയ്തിരിക്കുന്നവരെപ്പററി പറഞ്ഞിരിക്കുന്ന അവന്റെ വചനങ്ങളാണ് ഇവ ''മാനുഷ്യകൽപ്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു'' (മത്താ 15: 9) കൂടാതെ വെളി 22: 18-19, ഗലാത്യ. 1: 8–9, വായിക്കുക.

ദൈവത്തിന്റെ പ്ലാനിനെ പുരോഗമനപ്പെടുത്താനുള്ള മനുഷ്യശ്രമം പുതുമയല്ല. കാലാകാലങ്ങളായി അങ്ങനെ ചെയ്യപ്പെടുകയും പുറം

തള്ളപ്പെടുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി അമാലേക്യരുടെ നാശത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ കല്പന പുരോഗമിപ്പിക്കുവാൻ ശൗൽ രാജാവ് ശ്രമിച്ചു എന്നത് വേദപുസ്തകത്തിൽ വിവരിക്കുന്നു. യാഗം കഴിക്കുവാൻ ഏററവും നല്ല കന്നുകാലികളെ അവിടെ നിന്നും കൊണ്ടുവന്നാൽ ദൈവത്തെ ആരാധിക്കുന്നതിന് വളരെ നല്ല സഹായമായിരിക്കും എന്നു വിചാരിച്ചു ദൈവം ശൗലിനു അതിനുള്ള അംഗീകാരം നൽകിയിരുന്നില്ല എന്നോർക്കുക. അവന്റെ സ്വമേധാ പാപങ്ങൾകൊണ്ട് അവനെ രാജസ്ഥാനത്ത് നിന്നും തള്ളിക്കളഞ്ഞു. (1 ശമു 15:26, സങ്കീ 19:13).

പഴയ നിയമത്തിലെ രണ്ടു പുരോഹിതന്മാരായ നാദാബിനും അബീഹുവിനും ഇതേ അനുഭവം തന്നെയാണുണ്ടായത് (ലേവ്യ 10:1–2) അവർ എങ്ങനെ ദൈവത്തിന്റെ പ്ലാൻ അഭിവൃദ്ധിപ്പെടുത്തുവാൻ ശ്രമിച്ചു എന്നു വേദപുസ്തകത്തിൽ വിവരിക്കുന്നത് 'അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നു' ഈ അനുസരണക്കേടു കാരണം ഉടനെ യഹോവയുടെ സന്നിധിയിൽ നിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചു കളഞ്ഞു (വാക്യം 2). ദൈവം അവർക്കു കുറച്ചു സമയം കൂടി നൽകിയിരുന്നുവെങ്കിൽ 'ദൈവം അതു കല്പിച്ചിട്ടില്ല, ഈ രീതിയിൽ ആരാധിക്കരുതെന്നു പറഞ്ഞിട്ടില്ലാത്തതുകൊണ്ട് അങ്ങനെ ചെയ്യുന്നത് ശരിയാണ്' എന്നു പറഞ്ഞ് തങ്ങളുടെ പ്രവൃത്തിയെ നീതീകരിക്കാമായിരുന്നു. ഇവിടെ പ്രധാനമായിട്ടുള്ള കാര്യം ദൈവം നമ്മുടെ ആരാധനയിലും അനുസരണത്തിലും, ചെയ്യരുതാത്ത എല്ലാ കാര്യങ്ങളെപ്പററിയും പറഞ്ഞിട്ടില്ല എന്നുള്ളതാണ്, കാരണം അതു തന്നെ അനേക മൈലുകൾ ഘനമുള്ള ബുക്ക് നിറയുവാൻ ഉണ്ടായിരിക്കും. നാം എന്തു ചെയ്യണമെന്നു പറയുമ്പോൾ ചെയ്യേണ്ടാത്തതായ മററു കാര്യങ്ങൾ പ്രകൃത്യാ ഉൾപ്പെടുന്നില്ല. അങ്ങനെ കർത്താവിന്റെ അത്താഴത്തിൽ പുളിപ്പില്ലാത്ത അപ്പം ഉപയോഗിക്കണമെന്നു പഠിപ്പിച്ചിട്ടുള്ളപ്പോൾ മനുഷ്യന്റെ ചിന്തയിൽ തോന്നുന്ന കേക്ക്, മിഠായി മുതലായ മറെറാരു സാധനങ്ങളും അതിൽ ഉൾപ്പെടുന്നില്ല, നമ്മുടെ മറെറല്ലാ ആരാധനാ പ്രവൃത്തിയിലും അനുസരണത്തിലും ഈ തത്വം തന്നെ സത്യമായിരിക്കുന്നു.

## പുതിയ നിയമ മാതൃകയിലേക്കുള്ള തിരിച്ചു വരവ്

മനുഷ്യരാൽ സ്ഥാപിക്കപ്പെട്ട മതത്തിന്റെ ഘോഷങ്ങൾ ആചാരങ്ങൾ, ചട്ടങ്ങൾ എന്നിവയും ലളിതവും എന്നാൽ സുന്ദരവുമായ പുതിയനിയമ സഭയുടെ ആരാധനയും തമ്മിൽ വളരെയധികം, അ

കൽച്ചയുണ്ട്. ദൈവത്താൽ നൽകപ്പെട്ടിട്ടുള്ളതും അപ്പോസ്തലൻമാരാൽ പഠിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഈ ആരാധന (പുതിയ നിയമം) ഇന്നു നാം നടത്തേണ്ട സ്വീകാര്യമായ ആരാധനയുടെ യഥാർത്ഥ മാതൃക നൽകുന്നു. ഈ മാതൃകയിൽനിന്നു മാറിപ്പോകുവാനുള്ള ഒരു ആപത്ത്, ആത്മീകമല്ലാത്ത മനുഷ്യ ചട്ടങ്ങളും, അവയ്ക്കുള്ള അംഗീകാരം പുതിയ നിയമത്തിലെ ഒരു വചനത്തിൽപ്പോലും ഇല്ലെങ്കിലും, അവ വളരെക്കാലം ഒട്ടും തന്നെ എതിർപ്പില്ലാതെ തുടർന്നു പോകുന്നു എന്നുള്ളതാണ്. ദൈവത്തിന്റെ വചനത്തിൽ അംഗീകാരം കാണാത്തതുകൊണ്ട് ക്രിസ്തു പറഞ്ഞിട്ടുള്ളതുപോലെ അവ മാനുഷ്യ കല്പനകളത്രെ. അതുകൊണ്ട് വ്യർത്ഥമായിട്ടുള്ള ആരാധനയാകുന്നു. (മത്താ 15: 9)

ക്രിസ്തുവിനാലും അപ്പോസ്തലന്മാരാലും നല്കപ്പെട്ടിട്ടുള്ള ആരാധനയുടെ വിധം വളരെ പ്രയാസം കുറഞ്ഞതും വേഗത്തിൽ സ്വീകാര്യമായ ആരാധന മനസ്സിലാക്കാവുന്നതുമാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അതിൽ അഞ്ചു കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

1) പ്രാർത്ഥന (2) പ്രസംഗം (സുവിശേഷഘോഷണം) (3) ദാനം
4) കർത്താവിന്റെ അത്താഴം (5) പാട്ട്

**I പ്രാർത്ഥന (prayer)** പ്രാർത്ഥനയുടെ ആവശ്യകത എല്ലാവരാലും സ്വീകരിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് ചെറിയ അഭിപ്രായം ആവശ്യമാണ്. അതിനെപ്പററിയുള്ള ധാരാളം വാക്യങ്ങളിൽ ചിലത്:- പ്രവൃ 2:42; 12:5, 12;16:25;20:36; 1 തെസ്സ 5;17, 1 തിമൊഥെ 2;1-3 റോമ 8:26. ഈ വിഷയത്തിൽ പോലും മനുഷ്യൻ വ്യത്യാസം വരുത്തിയിട്ടുണ്ട്. മാതാവു മറിയ, ചില വിശുദ്ധന്മാർ എന്നിവരോടുള്ള പ്രാർത്ഥനയും ഇവരിൽ കൂടി ദൈവത്തോടുള്ള പ്രാർത്ഥനയും ഇതിൽ ഉൾപ്പെടുന്നു. വേദപുസ്തകം പറയുന്നു 'ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ.' (1 തിമ 2:5) വേദപുസ്തകത്തിൽ ഒരു സ്ഥാനത്തും മറിയയ്ക്ക് അങ്ങനെയൊരു സ്ഥാനം നല്കിയിട്ടില്ല. മററുള്ള വിശ്വസ്ത ശിഷ്യന്മാരെക്കാൾ ഉപരിയായി ഒരു തരത്തിലുമുള്ള അധികാരമോ സ്ഥാനമോ ഉള്ളതായി ഒരു സൂചന പോലും ഇല്ല. (മത്താ 12:46–50) അതുപോലെ വിശുദ്ധന്മാരോടുള്ള പ്രാർത്ഥനയും മനുഷ്യരുടെ സങ്കല്പങ്ങളാണ് അല്ലാതെ വേദവചനത്തിൽ ഒരടിസ്ഥാനവുമില്ല. ദൈവത്തിന്റെ ദൂതനുപോലും ഇതുപോലെയുള്ള ബഹുമാനം അനുവദിച്ചിട്ടില്ല. (വെളി 19:10, പ്രവൃ 10:25–26) അതുകൊണ്ട് ഈ പ്രവൃത്തികളെല്ലാം മാനുഷ്യ കല്പനകളാണ്, വ്യർത്ഥ ആരാധനയുമാണ്. (മത്താ 15:9).

# തിരുവചനത്തിലെ സഭ

## സഭയുടെ ചരിത്രം (തുടർച്ച)

അപ്പോസ്തല പ്രവൃത്തികൾ 2-ാം അദ്ധ്യായത്തിൽ ക്രിസ്തുവിന്റെ സഭയുടെ, അതായത് ദൈവരാജ്യത്തിന്റെ, ആരംഭത്തിനുള്ള അടിസ്ഥാനം സ്ഥാപിച്ചിരിക്കുന്നതായി കാണാം. അപ്പോസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നു. പരിശുദ്ധാത്മാവ് അവരുടെ മേൽ നല്കപ്പെട്ടു. ആ ദിവസം വിവിധദേശങ്ങളെ പ്രതിനിധീകരിച്ചു കൊണ്ട് പെന്തെക്കോസ്തുനാളിൽ അനേകർ അവിടെ കൂടിയിരുന്നു.

യോവേൽ പ്രവാചകനിലൂടെ ദൈവം വാഗ്ദാനം ചെയ്തതിന്റെ നിവൃത്തീകരണമാണ് അന്ന് അവിടെ സംഭവിച്ചത് എന്ന് പത്രോസും മററ് അപ്പോസ്തലന്മാരും വെളിപ്പെടുത്തി. ക്രിസ്തുവിന്റെ മരണത്തോടുകൂടി അന്ത്യനാളുകൾ ആരംഭിച്ചതായും അങ്ങനെ മാനസാന്തരവും പാപമോചനവും അവിടെ പ്രസംഗിക്കപ്പെടുകയും ചെയ്തു. പ്രസംഗം കേട്ട് മൂവായിരം ആളുകൾ ഹൃദയത്തിൽ കുത്തുകൊണ്ട് സ്നാനപ്പെട്ടു. അവരെ കർത്താവ് തന്റെ സഭയോട് ചേർത്തു. തുടർന്ന് യെരുശലേമിൽനിന്ന് സുവിശേഷം യഹൂദ്യയിലും, ശമര്യയിലും അങ്ങനെ ഭൂമിയുടെ അററത്തോളവും വ്യാപിക്കപ്പെട്ടു.... (പ്രവൃത്തികൾ 1:8, മത്തായി 28:19, 20, മർക്കോസ് 16:15, 16, കൊലൊസ്സ്യർ 1:23).

അപ്പോസ്തലന്മാരുടെ കാലത്ത് സഭ വളരെ ഫലപ്രദമായി വളർന്നിരുന്നു. അനേകം സ്ഥലങ്ങളിലേയ്ക്ക് സഭ വ്യാപിക്കുകയുണ്ടായി. പൗലോസിന്റെ ജീവിതത്തിലെ മാനസാന്തരത്തിനുശേഷം അദ്ദേഹം മൂന്നു സുവിശേഷ യാത്രകൾ നടത്തി, യഹൂദന്മാരോടു മാത്രമല്ല ജാതികളോടും സുവിശേഷം അറിയിക്കപ്പെട്ടു. ഈ പ്രവർത്തനങ്ങളുടെ ഫലമായി സഭയുടെ പുരോഗതി വളരെ വേഗത്തിലായിരുന്നു. ഈ പ്രവർത്തനങ്ങൾ വളരെ സുഗമമായ തരത്തിലായിരുന്നില്ല ... കാരണം യെരുശലേമിൽ ആദ്യമായി പീഡനം സഭയ്ക്കുനേരെ ആരംഭിച്ചു. പീഡനത്താൽ ശിഷ്യന്മാർ പല പ്രദേശങ്ങളിലേയ്ക്കും ചിതറിക്കപ്പെട്ടു. ചിതറിപ്പോയ ശിഷ്യന്മാർ വചനം സംസാരിച്ചു. (പ്രവൃത്തികൾ 8:1-4). തുടർന്ന് റോമഭരണകൂടം രാജ്യത്തിന്റെ പലതരത്തിലുള്ള ആഭ്യന്തര കുഴപ്പങ്ങളുടെയും ഉത്തരവാദിത്വം ക്രിസ്ത്യാനികളുടെ മേൽ ചുമത്തി ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാനും കൊല്ലുവാനും തുടങ്ങി. അപ്പോസ്തലനായ പൗലോസിനെയും റോമക്കാർ തടവിലാക്കി ശിക്ഷിക്കുകയുണ്ടായി. ചരിത്രത്തിന്റെ വെളിച്ചത്തിൽ അപ്പോസ്തലനായ യോഹന്നാൻ ഒഴികെ മറെറല്ലാ അപ്പോസ്തലന്മാരും രക്തസാക്ഷികളായി തിർന്നു എന്നു കാണുന്നു. ആയിരക്കണക്കിന്, കോടിക്കണക്കിന് ക്രിസ്തുവിന്റെ ശിഷ്യന്മാർ തങ്ങളുടെ ജീവൻ ക്രിസ്തുവിനായി സമർപ്പിച്ചു.

പക്ഷേ പീഡനങ്ങൾക്കൊന്നും സഭയുടെ വളർച്ചയെ തടുത്തു നിർത്തുവാൻ കഴിഞ്ഞില്ല. പുറമെനിന്നുള്ള ഈ പീഡനങ്ങൾ അല്ല സഭയെ തളർത്തിയത്....പിന്നെയോ....സഭയ്ക്കുള്ളിൽതന്നെ ആരംഭിച്ച ഭിന്നതകളും സ്വരച്ചേർച്ചയില്ലായ്മയുമാണ് സഭയുടെ സാക്ഷ്യത്തെ നശിപ്പിക്കുവാൻ തുടങ്ങിയത്. അപ്പോസ്തലനായ പൗലോസ് ഇത് മുൻകൂട്ടി താക്കീതുചെയ്കയും, ഓർമ്മിപ്പിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ സഭയിൽ നിന്നും പലരും സത്യം തെറ്റി വഴിവിട്ട് പോകുമെന്ന് അപ്പോസ്തലൻ പല പ്രാവശ്യം വിശ്വാസികളെ ഓർമ്മിപ്പിച്ചു. (2 തെസ്സലൊനീക്യർ 2–ാം അദ്ധ്യായം 1 മുതൽ 12 വരെയുള്ള ഭാഗം വായിക്കുക). ആ കാലത്തിൽ തന്നെ ഇത്തരത്തിലുള്ള പൈശാചിക പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു എന്ന് പൗലോസ് വ്യക്തമാക്കുന്നതായി കാണാം. മറ്റൊരുഭാഗത്ത് ഇപ്രകാരം വായിക്കുന്നു– 'എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവ് തെളിവായി പറയുന്നു....' (1 തിമൊഥെ 4:1-3).

എഫെസ്യസഭയിലുള്ള മൂപ്പന്മാരോട് സംസാരിക്കുമ്പോൾ പൗലോസ് ഓർമ്മിപ്പിച്ച വാക്കുകൾ ഇങ്ങനെയാണ്–'നിങ്ങളെത്തന്നേയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചുകൊൾവിൻ. ഞാൻ പോയ ശേഷം ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്നു ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചു കളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേല്ക്കും.' (അപ്പോസ്തലപ്രവൃത്തികൾ 20:28-30).

അപ്പോസ്തലൻ പ്രവചിച്ചിരുന്നതുപോലെ തന്നെ പിന്നീട് സംഭവിക്കുന്നതായി കാണാൻ കഴിയുന്നു. സഭയുടെ ഭരണഘടനയിലൂടെയാണ് പ്രധാനമായും ഭിന്നതകളും, വിശ്വാസത്യാഗവും കടന്നുകൂടിയതെന്ന് ചരിത്രത്തിലൂടെ കാണുവാൻ കഴിയും.

കർത്താവിന്റെ പദ്ധതിപ്രകാരം ഓരോ പ്രദേശത്തുള്ള 'ക്രിസ്തുവിന്റെ സഭ'യുടെ കൂട്ടായ്മ മൂപ്പന്മാരുടെയും ശുശ്രൂഷകരുടെയും കീഴിൽ സ്വതന്ത്രമായ അധികാരത്തോടുകൂടി പ്രവർത്തിക്കുകയായിരുന്നു. (Independent). കാലം കഴിഞ്ഞതോടുകൂടി പല കൂട്ടായ്മകൾക്കും പൊതുവായ ഒരു മൂപ്പൻ (Elder), ഒരു വ്യക്തിയുടെ മേൽ അധികാരമുള്ള മറ്റൊരുവ്യക്തി എന്ന നിലയിൽ കാര്യങ്ങൾ നിർവ്വഹിക്കുവാൻ ആരംഭിച്ചു. പല കൂട്ടായ്മകളെയും ഭരിക്കുന്നതിന് ഒരു പ്രദേശത്ത് ഒരു തലവൻ എന്ന ഭരണ സമ്പ്രദായം ചിലർ

ആവിഷ്കരിച്ചു. ഇത്തരത്തിലുള്ള മാററങ്ങളെല്ലാം ഒരു രാത്രികൊണ്ടോ ഒരു ദിവസംകൊണ്ടോസംഭവിച്ചതല്ല. നൂറുകണക്കിന് വർഷങ്ങൾക്കുള്ളിലാണ് ആദിമനൂററാണ്ടിലെ ക്രിസ്തുവിന്റെ സഭയുടെ മാതൃകയിൽ നിന്നും ഇത്തരത്തിലുള്ള വ്യതിയാനങ്ങൾ രൂപംകൊണ്ടത്. അവസാനം AD 606-ൽ സാർവ്വലൗകികമായി സഭയുടെ തലവൻ എന്ന പദവിയോടുകൂടി ഒരുവ്യക്തി അവരോധിക്കപ്പെട്ടു, Pope (പിതാവ്) എന്ന സ്ഥാനപ്പേരോടു കൂടിസ്ഥാപിക്കപ്പെട്ട ഈ സമ്പ്രദായത്തിന്റെ വിശാലമായ വളർച്ചയാണ് നാം ഇന്ന് അറിയുന്ന കത്തോലിക്കസഭ.

ഈ സംഭവങ്ങൾക്കിടയിൽ 'ക്രിസ്തുവിന്റെ സഭ'യ്ക്ക് എന്തു സംഭവിച്ചു? വിശ്വാസത്തിൽ അടിയുറച്ചുനിന്നിരുന്ന ചുരുക്കമായ അവർ അധികം ശ്രദ്ധിക്കപ്പെടാതെ നിലനിന്നു.

വളരെ ശക്തമായി തന്നെ കത്തോലിക്ക സഭ വളർന്നു ചുരുങ്ങിയ കാലംകൊണ്ട് ലോകം മുഴുവൻ അത് വ്യാപിച്ചു. തുടർന്ന് 'ഇരുണ്ടയുഗം" Darkages) എന്ന ഘട്ടത്തിലെത്തിച്ചേർന്നു. കാരണം കത്തോലിക്കസഭ ജനങ്ങൾ ബൈബിൾ വായിക്കുന്നതിനും, പഠിക്കുന്നതിനും വിലക്കുകയുണ്ടായി, പുരോഹിതന്മാർക്കുമാത്രം വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും അനുവദിച്ചിട്ടുള്ളതാണ് 'ദൈവവചനം' എന്ന് സ്ഥാപിച്ചു സാധാരണക്കാരിൽ നിന്നും അവർ ദൈവത്തെ അകററി....അവർ പഠിപ്പിക്കുന്ന ഉപദേശങ്ങൾ മാത്രം വിശ്വസിക്കുന്നതിനും അംഗീകരിക്കുന്നതിനും അങ്ങനെ അനേകർ നിർബന്ധിതരായി.

ഇതിനിടയിൽ തന്നെ കത്തോലിക്കസഭയിൽ റോമൻ വിഭാഗമെന്നും യവന വിഭാഗമെന്നും രണ്ട് വിഭാഗങ്ങൾ ഉണ്ടായി. സ്നാനത്തിന് തളിക്കുന്ന സമ്പ്രദായം ഉപദേശിക്കുന്നതിനെക്കുറിച്ചും, ഉപകരണസംഗീതം ഉപയോഗിക്കുന്നതിനെക്കുറിച്ചുമാണ് തർക്കം ഉണ്ടായത്. തുടർന്ന് റോമൻ കത്തോലിക്കസഭ പല കൗൺസിലുകളിലൂടെ തിരുവചനത്തോട് മററ് പല എഴുത്തുകളും എഴുതിച്ചേർത്തു. AD 1500 ഓടുകൂടി വളരെയധികം തെററായ രീതിയിൽ അവരുടെ പ്രവർത്തനം ചെന്നെത്തി ധാർമ്മികമായ എല്ലാ നിലവാരങ്ങളും തകർന്നു. ഈ സമയത്താണ് മാർട്ടിൻലൂതർ (Martin Luthur) എന്ന ഒരു പുരോഹിതൻ നവീകരണ ചിന്താഗതിയുമായി അവതരിച്ചത്....സഭ അദ്ദേഹത്തെ പുറം തള്ളി സഭയിൽ നിന്ന് പുറത്താക്കപ്പെട്ട അദ്ദേഹം താൻ വിശ്വസിക്കുകയും, മനസ്സിലാക്കുകയും ചെയ്തിരുന്ന ഉപദേശങ്ങൾ മററുള്ളവരെ പഠിപ്പിക്കുവാൻ തുടങ്ങി. ഈ പ്രവർത്തനത്തെ തുടർന്നാണ് നവീകരണ പ്രസ്ഥാനവും, പ്രൊട്ടസ്റ്റൻറ് ഘടകവും (Reformation Movement And Protestantism) ഉടലെടുത്തത്.... ഇവയിൽ നിന്നും നാം ഇന്ന് നമ്മുടെ ചുററും കാണുന്ന എല്ലാ തരത്തിലുള്ള നാമധേയവിഭാഗങ്ങളും ഉണ്ടായി. മാർട്ടിൻലൂതർ എല്ലാവരും ബൈബിളിലേയ്ക്കു തിരികെവരണമെന്ന് അഭ്യർത്ഥിച്ചുവെങ്കിലും അനേകർ ചെവിക്കൊണ്ടില്ല.

1700–1800 കാലങ്ങളിൽ യൂറോപ്പിലും അമേരിക്കയിലും ഉണ്ടായിരുന്ന അനേകർ ഇത്തരത്തിലുള്ള വിഭാഗീയ ചിന്തകളിലും, ഭിന്നതകളിലും നിരാശരായി ദൈവവചനമാകുന്ന 'ബൈബിളി'ലേയ്ക്ക് പൂർണ്ണമായും മടങ്ങിവരേണ്ടതിന്റെയും, അത് മനസ്സിലാക്കേണ്ടതിന്റെയും, ബോദ്ധ്യത്തിലെത്തിച്ചേർന്നു.

ഒരു പുതിയ വിഭാഗം തുടങ്ങുക എന്നല്ല അവർ ആഗ്രഹിച്ചത്, പിന്നയോ വചനത്തിൽ വായിക്കുവാൻ കഴിയുന്ന, അപ്പോസ്തലൻമാർ പ്രവർത്തിച്ച, ക്രിസ്തു സ്ഥാപിച്ച സഭയെ കണ്ടെത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. അന്നുമുതൽ ഇന്നുവരെ ലോകത്തിന്റെ പല ഭാഗങ്ങളിലും പുതിയ നിയമ ക്രിസ്ത്യാനിത്വത്തിനുവേണ്ടിയുള്ള മുറവിളി കേൾക്കുവാൻ കഴിയും. മനുഷ്യന്റെ വ്യർത്ഥമായ ആചാരങ്ങളെയും ഉപദേശങ്ങളെയും ഉപേക്ഷിച്ചുകൊണ്ട് യഥാർത്ഥമായ ക്രിസ്തുവിന്റെ സഭയെയും, ബൈബിൾ എന്ന ദൈവവചനമാകുന്ന വഴികാട്ടിയെയും, കണ്ടെത്തുന്നവർ ഇന്ന് അനേകരാണ്.

'സത്യം' പ്രസംഗിച്ചുകൊണ്ട് (സുവിശേഷം) ലോകത്തിന്റെ പല ഭാഗത്തും സഞ്ചരിച്ച ക്രിസ്ത്യാനികൾ യഥാർത്ഥമായ 'ക്രിസ്തു സഭ' അതിന്റെ നിർമ്മലതയോടെ പല പ്രദേശത്തും നിലനില്ക്കുന്നതായി കണ്ടെത്തി ആഫ്രിക്ക, അമേരിക്ക, റഷ്യ, പോളണ്ട്, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ക്രിസ്തുവിന്റെ സഭ നിലനില്ക്കുന്നു. ആദിയിൽ ഉണ്ടായിരുന്നതുപോലെ തന്നെ ഇപ്പോഴും 'സഭ' നിലനില്ക്കുന്നു. സഭയുടെ മാതൃക ബൈബിൾ നല്കിയിട്ടുണ്ട്, അത് പൂർണ്ണമായി അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുമ്പോൾ നാം ക്രിസ്തുവിന്റെ സഭയായിത്തീരുന്നു. ദൈവവചനമാകുന്ന വിത്ത് (ലൂക്കോസ് 8:11) നാം ഇന്ന് വിതയ്ക്കുമ്പോൾ അപ്പോസ്തലൻമാരുടെ കാലത്ത് ലഭിച്ച അതേ അനുഭവം തന്നെ നമ്മുക്കും ലഭിക്കും അന്ന് ദൈവവചനം വിതച്ചപ്പോൾ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ സഭയും ഉണ്ടായി എങ്കിൽ ഇന്നും അതു സത്യം തന്നെയാണ്.

'ദൈവരാജ്യമാകുന്നസഭ എല്ലാക്കാലവും നിലനില്ക്കേണ്ടതാണ് അത് തകർക്കുവാനോ പൂർണ്ണമായി നശിപ്പിക്കുവാനോ ആർക്കും കഴിയുകയില്ല. കർത്താവിന്റെ വരവിൽ കർത്താവിനോടൊപ്പം ചേർക്കപ്പെടുന്നതുവരെ നാം ക്രിസ്തുവിന്റെ വചനത്തിൽ നിലനില്ക്കുന്ന വ്യക്തി ഭൂമിയിൽ ദൈവത്താൽ കാത്തു സൂക്ഷിക്കപ്പെടുന്നു.

താങ്കൾ ക്രിസ്തുവിന്റെ സഭയിൽ ആയിത്തീരുന്നതിൽ എന്താണ് തടസ്സപ്പെടുത്തുന്നത്? സഹായത്തിനായി എഴുതുമല്ലോ.

* * *

# ഏററവും വലിയ പാപം

**എം. കെ. കുര്യൻ**, മാമുണ്ടയിൽ

'കൊള്ള, കൊലപാതകം, അമിതമായ മദ്യപാനം, വ്യഭിചാരം, ബലാല്സംഗം, മുതലായ കുററകൃത്യങ്ങളെയാണ് ഇന്ന് ഏററവും വലിയ പാപമായി സകല മനുഷ്യരും ചൂണ്ടിക്കാണിക്കുന്നത്,

എന്നാൽ ഈ കുററകൃത്യങ്ങളെല്ലാം തന്നെ വലിയ പാപമാണു താനും, എങ്കിലും, ഈ കുററകൃത്യങ്ങളുടെയെല്ലാം ഉറവിടമായ ഏററവും വലിയ ഒരു പാപത്തെക്കുറിച്ചു ദൈവം തൻെറ വചനമായ സത്യവേദപുസ്തകത്തിൽ കൂടി നമ്മെ ചൂണ്ടിക്കാണിക്കുന്നു. ആ പാപം എന്തെന്നു മനസ്സിലാക്കുന്നതിൽ ഇന്നു ലോകം, വിശേഷാൽ ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്നവരിൽ തന്നേ ഭൂരിഭാഗം പേരും പരാജയപ്പെട്ടിരിക്കുന്നതായി തെളിയുന്നു. മേൽ വിവരിച്ചതായ മനുഷ്യർ ചെയ്യുന്ന കുററകൃത്യങ്ങളുടെ സംഖ്യ ഈ ലോകത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനുള്ള ഏക കാരണവും ഇതു തന്നെ. ഇന്നു നമ്മുടെ സമൂഹത്തിൽ ഈ ലോകപ്രകാരമുള്ള ജ്ഞാനികൾ ഏറെയുണ്ട്. മനഃശാസ്ത്രപണ്ഡിതന്മാരും, വേദപണ്ഡിതന്മാരും, മതനേതാക്കന്മാരും, തത്വജ്ഞാനികളും, നിയമജ്ഞന്മാരും ഒട്ടും കുറവല്ല, മനുഷ്യരുടെയിടയിൽ കുററകൃത്യങ്ങൾ പെരുകി വരുന്നതിനാൽ അതിനുപരിഹാരം കണ്ടെത്തുവാൻ അവർ റേഡിയോ, ററി.വി, വർത്തമാനപത്രങ്ങൾ, ലഘുലേഖകൾ, മാസികകൾ മുതലായ മാധ്യമങ്ങളിൽ കൂടി ലക്ഷക്കണക്കിനു ധനവിനിമയം ചെയ്തു മാതൃകാപരമായ നാടകങ്ങളും, സദുപദേശങ്ങളും, പ്രസംഗങ്ങളും ലോക വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

എന്നാൽ അതിൻെറ ഫലമോ? ചുരുക്കം ചില വ്യക്തികളിൽ മാത്രം താൽക്കാലികമായി വികാരപരമായ ചില വ്യതിയാനങ്ങൾ ഉണ്ടാകുന്നുവെങ്കിലും കുററകൃത്യങ്ങളുടെ സംഖ്യയോ, മണിക്കൂറുകൾ തോറും വർദ്ധിച്ചുകൊണ്ടു തന്നേ ഇരിക്കുന്നു. ഏററവും വലിയ പാപമായി ദൈവം ചൂണ്ടിക്കാണിച്ച ആ പാപത്തെക്കുറിച്ചുള്ള അജ്ഞതയാണ് ഇതിനെല്ലാം കാരണമായി ഭവിച്ചിരിക്കുന്നതു എന്നുമാത്രമല്ല ഈ ലോകത്തിലെ ഭരണകൂടങ്ങളിലും മനുഷ്യൻെറ മതപരമായ ഈ അജ്ഞതയുടെ ഫലം പ്രതിഫലിച്ചു കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ പാപം എന്തെന്നും അതിൻെറ ഫലം എന്തെന്നും സത്യവേദപുസ്തകം മുഖേന ദൈവം നമ്മെ ബോദ്ധ്യപ്പെടുത്തിയിരിക്കെ

അതംഗീകരിക്കുവാൻ ഈ ലോകത്തിലെ മത നേതാക്കന്മാരും, വേദപണ്ഡിതന്മാരും, മററു ബുദ്ധിജീവികളും തയ്യാറല്ല. തന്നിമിത്തം കുററകൃത്യങ്ങളെ പരിഹരിക്കുവാൻ അവർ കൈക്കൊണ്ടിരിക്കുന്ന എല്ലാ മാധ്യമങ്ങളും വ്യർത്ഥമായിത്തീർന്നിരിക്കുന്നു. കാരണം ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കിമാററിക്കളഞ്ഞു; സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിക്കുന്നു (റോമ 1:25).

മേൽ വിവരിച്ച മനുഷ്യർ ചെയ്യുന്ന സകല കുററകൃത്യങ്ങളുടെയും ഉറവിടമായ ഏററവും വലിയ ആ പാപം എന്താണ്? ആദാം ദൈവ കല്പന അനുസരിച്ചില്ല, അതിനെ ലംഘിക്കയത്രേ ചെയ്തത്. തന്നിമിത്തം അവൻ മരിച്ചു. ശ്രദ്ധിച്ചാലും! ആദാം ചെയ്ത പാപം മുൻവിവരിച്ച കുററകൃത്യങ്ങൾ ഒന്നും തന്നേ ആയിരുന്നില്ല. എങ്കിലും അവൻ മരിക്കത്തക്കവണ്ണം ആ പാപം വലുതായിരുന്നു. എന്നാൽ അവന്റെ ആ മരണം ജഡീകമരണമായിരുന്നില്ല. അവൻ ദൈവത്തോടുള്ള ബന്ധത്തിൽ നിന്നും വേർപെട്ടുപോയി. ഇപ്രകാരം ദൈവത്തിൽ നിന്നും വേർപെട്ട അവസ്ഥയെ മരണം എന്നു വിശേഷിപ്പിച്ചിരിക്കുന്നു (ഉല്പ 2:16—17). ഇപ്രകാരം ദൈവത്തെ അനുസരിക്കാത്ത അഥവാ ദൈവവചനത്തെ ലംഘിക്കുന്ന മനുഷ്യന്റെ മരിച്ച ഈ അവസ്ഥ സകല കുററകൃത്യങ്ങളുടെയും ഉറവിടമായി മാറുന്നു. മനുഷ്യൻ ദൈവത്തെ അനുസരിക്കുന്നില്ല. അതാണ് വേദപുസ്തകത്തിൽകൂടി ദൈവം ചൂണ്ടിക്കാണിക്കുന്ന ഏററവും വലിയ പാപം. അതിന്റെ ഫലം മരണവും ആ മരിച്ച അവസ്ഥ സകല കുററകൃത്യങ്ങളുടെയും ഉറവിടവും ആകുന്നു.

"പാപം വാതില്ക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്കു ആകുന്നു; നീയോ അതിനെ കീഴടക്കേണം" എന്നു കല്പിക്കുകയാൽ മനുഷ്യൻ ദൈവത്തെ അനുസരിക്കുന്നില്ല എന്ന ഏററവും വലിയ പാപത്തെ ദൈവം കയീനെ ബോധ്യപ്പെടുത്തുന്നു. കാരണം കയീൻ നന്മചെയ്തില്ല. ഹാബേൽ നന്മചെയ്തു. കയീൻ ദൈവത്തിന് കൊണ്ടുവന്ന വഴിപാടു ദൈവ ഇഷ്ടപ്രകാരമായിരുന്നില്ല. അതു അവന്റെ സ്വന്തഇഷ്ടപ്രകാരമായിരുന്നു. മതപരമായി മതനേതാക്കന്മാർ നമ്മോടു ചെയ്യുവാൻ കല്പിക്കുന്ന കാര്യങ്ങൾ ദൈവം കല്പിച്ചപ്രകാരമല്ല എങ്കിൽ അതനുസരിച്ചാൽ നാം ചെയ്യുന്നതു നന്മയല്ല, തിന്മയാണ് എന്നുള്ള യാഥാർത്ഥ്യം സത്യാന്വേഷികൾക്ക് വിസ്മരിക്കാവുന്നതല്ല. ദൈവം നമ്മിൽ പ്രസാദിക്കയുമില്ല. ഈക്കാരണത്താലാണ് നീയോ ആ പാപത്തെ കീഴടക്കുവാൻ മനസ്സുവെക്കാഞ്ഞതിനാൽ കയീൻ ഈ ലോകത്തിലെ ആദ്യത്തെ കൊലപാതകനായി മാറി (ഉല്പ 4:2—8).

ദൈവം ഈ അന്ത്യകാലത്തു നമ്മോടു കല്പിക്കുന്നതു തന്റെ ഏക പുത്രനായ യേശുക്രിസ്തു മുഖാന്തരമാണു, എങ്കിലും യേശു

ക്രിസ്തുമുഖാന്തരം കല്പിക്കുന്ന ദൈവത്തിന്റെ ഈ വചനം ആദ്യമായി ഈ ലോകം മുഴുവനും പ്രചരിപ്പിച്ചതു യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാർ മാത്രമാണെന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിക്കരുതു. (എബ്രാ 1:1–2), (മത്താ 17:5), (യോഹ 13:20,) (1 തെസ്സ 2:13), (1 യോഹ 4:6) ലോകാവസാനം വരെ നാം അനുസരിക്കേണ്ടതു ആ വചനം മാത്രമാണു (മത്താ 28:18-20), (1പത്രോ 1:23–25), ആ വചനമാണ് ക്രിസ്തുവിന്റെ സുവിശേഷം (മർക്കോ 16:15-16), ആ സുവിശേഷത്തിനു വിപരീതമായ ഉപദേശങ്ങൾ നാം അനുസരിക്കുമ്പോൾ സകല കുററകൃത്യങ്ങളുടെയും ഉറവിടമായ ഏററവും വലിയ പാപം നമ്മെ കീഴടക്കുകയും ദൈവത്തോടുള്ള ബന്ധത്തിൽ നിന്നു നാം വേർപെട്ടുപോകയും ചെയ്യുന്നു, അഥവാ ആത്മീകമായി മരിച്ച അവസ്ഥയിലായിത്തീരുകയും ചെയ്യുന്നു. (ഗലാ 1:6–9), (2 യോഹ 8,9), (റോമ 6:23). എന്നാൽ വിപരീത ഉപദേശങ്ങൾക്കു ചെവികൊടുക്കാതെ അപ്പോസ്തലന്മാർ പഠിപ്പിച്ച ഉപദേശങ്ങൾ മാത്രം നാം അനുസരിക്കുമ്പോൾ വാതില്ക്കൽ കിടക്കുന്ന ആ ഏററവും വലിയ പാപത്തെ നാം കീഴടക്കുന്നു. ദൈവം നമ്മിൽ പ്രസാദിക്കയും ചെയ്യും (ഉല്പ 4:7).

ഇതു യാഥാർത്ഥ്യമാക്കുന്നതു എങ്ങനെ? അപ്പോസ്തലന്മാർ പ്രസംഗിച്ച സുവിശേഷം നാം കേൾക്കണം (യോഹ 13:20) (റോമ 10;8–17). യേശുക്രിസ്തു ദൈവ പുത്രൻ എന്നും അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി കുരിശിൽ മരിക്കയും അടക്കപ്പെട്ടു മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കയും ചെയ്തു എന്നും (1 കൊരി 15;2–5) (മത്താ 17:5) (മത്താ 16:13-16), നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല എന്നും നാം വിശ്വസിക്കണം (പ്രവൃ 4:12), (പ്രവൃ 16:31). തുടർന്ന് മാനസാന്തരപ്പെടുകയും യേശുക്രിസ്തു ദൈവപുത്രൻ എന്നുള്ള നമ്മുടെ വിശ്വാസം ഏററു പറഞ്ഞ് പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ നാം സ്നാനം ഏല്ക്കയും ചെയ്യണം (പ്രവൃ 2:38-39). ഈ ഉപദേശം ഹൃദയപൂർവ്വം നാം അനുസരിക്കുമ്പോൾ സകല കുററകൃത്യങ്ങളുടെയും ഉറവിടമായ ഏററവും വലിയ പാപത്തെ [വാതില്ക്കൽ കിടക്കുന്ന പാപത്തെ] നാം കീഴടക്കുന്നു [ഉല്പ 4:7] [റോമ 6:17–18]. തുടർന്നുള്ള ജീവിതം അപ്പോസ്തലന്മാർ കാണിച്ച മാതൃകപ്രകാരം നാം പിന്തുടരുമ്പോൾ ദൈവം നമ്മിൽ പ്രസാദിക്കയും നാം നിത്യ ജീവൻ പ്രാപിക്കയും ചെയ്യും [ഫിലി 3;17-21], [കൊലൊ 1:21-23], [2പത്രോ 1:1-11].

ഇപ്രകാരം ദൈവത്തെ മാത്രം അനുസരിച്ചു ഏററവും വലിയ പാപത്തെ കീഴടക്കുവാനും, നന്മചെയ്തു ദൈവത്തിനു പ്രസാദമുള്ളവരായിത്തീരുവാനും ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ. O

# ഒരാൾ എന്തുകൊണ്ടു ക്രിസ്ത്യാനിയാകണം

യേശു ലോകത്തിൽ സഞ്ചരിച്ചപ്പോൾ അവനിൽ താല്പര്യം കാണിച്ചവരും അവനെ അനുഗമിപ്പാൻ താല്പര്യപ്പെട്ടവരും ധാരാളമായിരുന്നു. എന്നാൽ അവന്റെ ശിഷ്യത്വം സ്വീകരിക്കുവാൻ അവർ തയ്യാറായിരുന്നില്ല. ധാരാളം ആളുകൾ അവന്റെയടുക്കൽ വന്നു. അവൻ ചെയ്ത അത്ഭുതങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. യോഹന്നാന്റെ ആറാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. വലിയൊരു പുരുഷാരം അവനെ അനുഗമിച്ചു. എന്തുകൊണ്ടെന്നാൽ രോഗികളുടെമേൽ അവൻ ചെയ്ത അടയാളങ്ങൾ (അത്ഭുതങ്ങൾ) അവർ കണ്ടു. അയ്യായിരത്തിനുമേൽ ജനങ്ങളുള്ള ഒരു വലിയ പുരുഷാരമായിരിന്നു അത്. അനേകമണിക്കൂറുകൾ അവർ അവനെ അനുഗമിച്ചു,ഇതറിഞ്ഞ ക്രിസ്തു അവരെ ഭക്ഷിപ്പിക്കുന്നതിനു ആവശ്യപ്പെട്ടു. എന്നാൽ അതിനുള്ള വിഭവങ്ങൾ അവിടെ ഇല്ലായിരുന്നു. അവരുടെ മദ്ധ്യേ മറ്റൊരൽഭുതം ചെയ്യുന്നതിനുള്ള ഒരവസരം ഇത് അവനു നൽകി. കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു ബാലനിൽ നിന്നും അഞ്ചു ബാർലി അപ്പവും രണ്ടു മീനും അവൻ വാങ്ങി. പിതാവിനോടു നന്ദി പറഞ്ഞു വാഴ്ത്തി ജനങ്ങൾക്കു വിതരണം ചെയ്യുന്നതിനായി ശിഷ്യൻമാരെ ഏല്പിച്ചു. അവർ എല്ലാവരും തൃപ്തിവരുവോളം ഭക്ഷിച്ചു. അവർ ശേഖരിച്ച ശേഷിച്ച കഷണങ്ങൾ പന്ത്രണ്ടു കുട്ടയ്ക്കു ഉണ്ടായിരുന്നു. അവൻ ചെയ്ത അടയാളം അവർ കണ്ടിട്ട് ''ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം'' എന്നു പറഞ്ഞു. ഇതിനുശേഷം ഓരോരുത്തരും അവരവരുടെ സ്ഥലങ്ങളിലേക്കു പോയി. എന്നാൽ അടുത്ത ദിവസവും അവർ യേശുവിനെ നോക്കുകയായിരുന്നു. അവർ അവനെ കണ്ടപ്പോൾ ''റബ്ബീ നീ എപ്പോൾ ഇവിടെ വന്നു ''വെന്നു അവർ ചോദിച്ചു. അവരുടെ ചോദ്യത്തിനു ഉത്തരം പറയുന്നതിനുപകരം ക്രിസ്തു അവരോടു പറഞ്ഞത് ''നിങ്ങൾ അടയാളം കണ്ടതുകൊണ്ടല്ല, അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രെ എന്നെ അന്വേഷിക്കുന്നത്. നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല നിത്യജീവനിലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും. അവനെ പിതാവായ ദൈവം മുദ്രയിട്ടിരിക്കുന്നു.'' (യോഹ : 6:27) ഇവിടെ ശ്രദ്ധിക്കുക അവർ യേശുവിനെ അന്വേഷിക്കുകയായിരുന്നു. എന്നാൽ അവനെ അന്വേഷിക്കുന്ന അവരുടെ ഉദ്ദേശം തെററായിരുന്നു. അവർ കൂടുതൽ ആഹാരത്തിനു വേണ്ടിയായിരുന്നു അവനെ അന്വേഷിച്ചത്.

കുറച്ചു വർഷങ്ങൾക്കു മുമ്പേ ഒരാൾ എന്നെ സമീപിച്ച്, ഒരു ക്രിസ്ത്യാനിയാകണമെന്നു ആവശ്യപ്പെട്ട കാര്യം ഞാൻ ഓർക്കുന്നു. ഒരു ക്രിസ്ത്യാനിയാകുന്നതിനു എന്തു ചെയ്യണമെന്നു ഞാൻ അവനു പറഞ്ഞുകൊടുത്തു. അതായത് പൂർണ്ണ ഹൃദയത്തോടുകൂടി അവൻ യേശുവിൽ വിശ്വസിക്കണം. അവന്റെ എല്ലാ പാപങ്ങൾക്കുംവേണ്ടി പശ്ചാത്തപിച്ചു ദൈവപുത്രനായ യേശുക്രിസ്തുവിനോടു ഏററു പറയണം. പാപങ്ങളുടെ ക്ഷമാപണത്തിനായി പിന്നെ സ്നാനപ്പെടണം. ഇതു ക്രിസ്തീയ ജീവിതത്തിന്റെ ആരംഭം മാത്രമാകുന്നുവെന്നു ഞാൻ വീണ്ടും അവനു പറഞ്ഞുകൊടുത്തു. ഓരോ ദിവസവും ക്രിസ്തീയജീവിതംനയിക്കുന്നതിനു ഇതു അത്യന്താപേക്ഷിതമാണ്. ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ ആരാധനയിൽ പങ്കെടുക്കേണ്ട ആവശ്യകതയും ഞാൻപറഞ്ഞു മനസ്സിലാക്കികൊടുത്തു. ബൈബിളിൽനിന്നു അനേക മണിക്കൂറുകൾ പഠിച്ചതിനുശേഷം അവൻ പറഞ്ഞു "സഹോദരാ എനിക്കുഎല്ലാ കാര്യങ്ങളും മനസ്സിലായി. ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു. ഒരു ക്രിസ്ത്യാനിയാകുന്നതിനുഞാൻ ആവശ്യപ്പെടുന്നു. ഇപ്പോൾ എനിക്കുസ്നാനപ്പെടണം". ഇതുകേട്ട ഞാൻ അവനെകൊണ്ടുചെന്നുസ്നാനപ്പെടുത്തി. അതിനുശേഷം അനേകം ആഴ്ചകൾ ഞാൻ അവനെ കണ്ടില്ല. പിന്നെ പെട്ടെന്നു ഒരു ഞായറാഴ്ച രാവിലെ അവൻ വന്നു ആരാധനയിൽ പങ്കെടുത്തു. ആരാധനകഴിഞ്ഞശേഷം ഇത്രയുംനാൾ അവൻ എവിടെ ആയിരുന്നുവെന്നു ഞാൻ അവനോടു ചോദിച്ചു. അവൻ യാത്ര ചെയ്യുന്ന ഒരു കച്ചവടക്കാരനാകയാൽ കച്ചവടം സംബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ അവനു പോകുവാനുണ്ടെന്നും, ഡൽഹിയിൽ ആയിരിക്കുമ്പോഴെല്ലാം തീർച്ചയായും ഞങ്ങളോടൊപ്പം ആരാധനയിൽ പങ്കെടുക്കുവാൻ അവൻ വരുമെന്നും മറുപടി പറഞ്ഞു. പിന്നെ ഒരു ജ്ഞാനസ്നാന സർട്ടിഫിക്കററ് നൽകുന്നതിനായി അവൻ എന്നോടു ആവശ്യപ്പെട്ടു. അവൻ പറഞ്ഞ കാരണങ്ങൾ ഇപ്രകാരമായിരുന്നു. അവൻ വരുന്നത് ഹിന്ദു ചുററുപാടുകളിൽ നിന്നാണ്. അവൻ ഇപ്പോൾ ക്രിസ്ത്യാനി ആയെന്നു പറഞ്ഞാൽ ആളുകൾ വിശ്വസിക്കുന്നില്ല. അവൻ സ്നാനപ്പെട്ടുവെന്നും ക്രിസ്ത്യാനിയെന്നുമുള്ള സർട്ടിഫിക്കററ് ഞാൻ അവനു നൽകുകയാണെങ്കിൽ അവൻ പോകുന്നിടത്തൊക്കെ അതുകൊണ്ടുചെന്നു തെളിയിച്ചുകൊള്ളും. നീണ്ട കഥ പറയുന്നതിനുപകരം ചുരുക്കത്തിൽ ഒരു ജ്ഞാനസ്നാന സർട്ടിഫിക്കററ് എഴുതി ഞാൻ അവനു കൊടുത്തു. വീണ്ടും ഞാൻ അവനെ അനേക ആഴ്ചകളിൽ കണ്ടില്ല. പിന്നെ ഒരു ദിവസം നിയമ കോടതിയിൽനിന്നും സമൻസ് എനിക്കു കിട്ടി. അവൻ നൽകിയ കേസ്സിൽ സാക്ഷി പറയുന്നതിനായി എന്നെ വിളിപ്പിച്ചതായിരുന്നു ആ സമൻസ്. ഞാൻ സ്നാനപ്പെടുത്തിയ അതേ മനുഷ്യനെ ഞാൻ

കോടതിയിൽ കണ്ടു. അവൻ ക്രിസ്ത്യാനിയായെന്നു തെളിയിക്കുന്നതിന് ഞാൻ നൽകിയ സർട്ടിഫിക്കററ് കോടതിയിൽ മജിസ്ട്രേററ് മുമ്പാകെ അവൻ ഹാജരാക്കി. അവൻ ക്രിസ്ത്യാനി ആയതിനാൽ അവന്റെ ഭാര്യയിൽനിന്നും വിവാഹമോചനം ലഭിക്കണമെന്നായിരുന്നു അവന്റെ ആവശ്യം. യഥാർത്ഥത്തിൽ അവൻ എന്നെ ചതിച്ചു. എന്നാൽ ഒരു ദിവസം തീർച്ചയായും അവൻ ദൈവത്തിനു ഉത്തരം നൽകുവാനുണ്ട്. എന്തുകൊണ്ടെന്നാൽ ദൈവം മനുഷ്യന്റെ ഹൃദയവും ഉദ്ദേശങ്ങളും അറിയുന്നു.

ചില സമുദായത്തിന്റേയോ വിഭാഗത്തിന്റേയോ അംഗങ്ങളാകുമ്പോൾ ഇപ്രകാരമുള്ള കേസ്സുകൾ പലതുണ്ട്. അവർ ഇപ്രകാരം ചെയ്യുന്നത് ഭൗതികമായ ചില നേട്ടങ്ങൾക്കുവേണ്ടി മാത്രമാണ്. അപ്രകാരമുള്ള സഭകൾ അല്ലെങ്കിൽ വിഭാഗങ്ങൾ നടത്തുന്ന സ്കൂളിൽ പ്രവേശനമോ, സൗജന്യ വിദ്യാഭ്യാസമോ തങ്ങളുടെ കുട്ടികൾക്കു ലഭിക്കുന്നതിനുവേണ്ടി പലരും അതിലെ അംഗങ്ങളാകുന്നു. പല ഭൗതിക നേട്ടങ്ങൾക്കുവേണ്ടി മാത്രം ക്രിസ്ത്യാനികളായ പലരേയും എനിക്കറിയാം. അവരിൽ പലരുടെയും യഥാർത്ഥ ഉദ്ദേശം വിവാഹമായിരുന്നു. ഒരു ക്രിസ്ത്യാനിയെ വിവാഹം കഴിക്കുന്നതിന് അവർ ക്രിസ്ത്യാനിയായി. അവരുടെ യഥാർത്ഥ ഉദ്ദേശം രക്ഷയോ സ്വർഗ്ഗത്തിലേക്കുള്ള നിത്യജീവനോ അല്ല. എന്നാൽ വിവാഹം മാത്രമാണ്. മനുഷ്യനെ മയനാക്കാൻ കഴിയുമെന്നും, ദൈവത്തെ മയനാക്കുവാൻ കഴിയുകയില്ലായെന്ന കാര്യം അപ്രകാരമുള്ള മനുഷ്യർ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ നിങ്ങൾ എന്തുകൊണ്ടു ക്രിസ്ത്യാനിയായി? നിങ്ങൾ ഒരു ക്രിസ്ത്യാനിയാകുവാൻ ചിന്തിക്കുന്നുവെങ്കിൽ എന്തുകൊണ്ടു നിങ്ങൾ അപ്രകാരം ചിന്തിക്കുന്നു? പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും സ്വർഗ്ഗത്തിൽ യേശുവിനോടുകൂടെയുള്ള നിത്യജീവനുമായിരിക്കണം ഒരാൾ ക്രിസ്ത്യാനിയാകുന്നതിനുള്ള ഉദ്ദേശം. പാപത്തിൽ നിന്നും മാനവകുലത്തിനു രക്ഷ നൽകുന്നതിനു ക്രിസ്തു ലോകത്തിൽ വന്നു. പാപത്തിൽ നിന്നും രക്ഷിക്കപ്പെടുന്നതിനു അവന്റെ അനുഗാമിയാകുവാൻ നാം ആവശ്യപ്പെടേണ്ടതാകുന്നു. ക്രിസ്ത്യാനിയാകുന്ന ഒരാളുടെ ഉദ്ദേശം അതു മാത്രമായിരിക്കണം. അവനെ അനുഗമിക്കുന്നതിൽ ഒരാൾ നൽകേണ്ട മഹത്തായ വിലയെക്കുറിച്ച് ശിഷ്യന്മാരോടു താക്കീതു ചെയ്ത ശേഷം ക്രിസ്തു പറഞ്ഞു, 'ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും, എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും. ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടു തന്നെത്താൻ നഷ്ടമാക്കി കളയുകയോ ചേതം വരുത്തുകയോ ചെയ്താൽ അവനു എന്തു പ്രയോജനം? '(ലൂക്കൊ 9:24, 25).

സ്വർഗ്ഗത്തിലേക്കുള്ള വഴി ക്രിസ്തു മാത്രമാകുന്നു. അവനെ കൂടാതെ മനുഷ്യൻ അതൃനഷ്ടപ്പെടുത്തുന്നു. മനുഷ്യൻ എന്നന്നേക്കും നരകത്തിൽ നഷ്ടപ്പെടുന്നതിനു പാപം കാരണമാകുന്നു. ക്രിസ്തു മനുഷ്യനെ പാപത്തിൽ നിന്നു രക്ഷിക്കുന്നു. അവൻ സ്വർഗ്ഗത്തിൽ നിത്യ ജീവന്റെ പ്രതീക്ഷ നൽകുന്നു. O

# മാർഗ്ഗ മദ്ധ്യേ ആകയില്ല

ശ്യാം

ഏതു രാജ്യത്തിലായാലും നമ്മുടെ സമൂഹത്തെ മൂന്നായി തരം തിരിക്കാം. ഉയർന്ന നിലവാരമുള്ള ഒരുകൂട്ടം, മദ്ധ്യവർത്തികൾ, താഴ്ന്ന ഗ്രൂപ്പുകാർ എന്നിവയാണ് അവ. മദ്ധ്യ വർത്തികളാണ് കൂടുതൽ നേട്ടമുള്ളവർ. ആ ഗ്രൂപ്പുകാർക്ക് എളുപ്പത്തിൽ ഏതുവിഭാഗത്തിൽപ്പെട്ട ആളുകളുമായും ഇടപെടാൻ കഴിയും. ആത്മീയമായ കാര്യത്തിൽ വരുമ്പോൾ നിരവധിപേർ മാർഗ്ഗ മദ്ധ്യം സ്വീകരിക്കുവാനാണ് ഇഷ്ടപ്പെടുന്നത്. അപ്രകാരമുള്ള മാർഗ്ഗമദ്ധ്യേയുള്ള ഒരു തുറമുഖത്തെ നമുക്ക് ബൈബിളിൽ എങ്ങും തന്നെ കാണാൻ കഴിയുന്നില്ല. മനുഷ്യരുടെ വഴികളല്ലല്ലൊ ദൈവത്തിന്റെ വഴി.

യേശുക്രിസ്തു പറഞ്ഞത് രണ്ടു വഴികൾ മാത്രമെന്നാണ്. ഇടുങ്ങിയ വഴിയിൽ കൂടെ ഞെങ്ങിഞെരുങ്ങി കടന്ന് ജീവങ്കലേക്ക് പ്രയാസപ്പെട്ടുപോകുന്ന ഒരു വഴി. വളരെ എളുപ്പത്തിൽ വിശാലമായി നടന്നു പോകാവുന്ന വഴി എത്തുന്നത് നാശത്തിലേക്കുമാണ്. അതുകൊണ്ട് ഓരോരുത്തരും എവിടെ പോകണമെന്ന് ആലോചിച്ച് വേണം വഴി തെരഞ്ഞെടുക്കുവാൻ (മത്തായി 7:13–14)

ഗിരി പ്രഭാഷണത്തിൽ യേശുക്രിസ്തു പറഞ്ഞത് ശ്രദ്ധേയമാണ് 'രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല. അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ച് മററവനെ സ്നേഹിക്കും. ദൈവത്തെയും മാമോനെയും ഒരേ സമയത്തു സേവിപ്പാൻ ആർക്കും കഴിയുകയില്ല. ദൈവപൈതലായി ജീവിക്കുന്നതിനും മരിക്കുന്നതിനും അവസാനം അവന്റെയടുക്കൽ എത്തുന്നതിനും അവൻ ഒരു വഴി ഒരുക്കിയിരിക്കുന്നു. ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിച്ച് അവനെ അനുസരിച്ചാൽ നിത്യ ജീവനും അവനെ അനുസരിക്കാതിരുന്നാൽ നിത്യനാശവുമായിരിക്കും ഫലം. ഈ രണ്ടു വഴികൾക്കും മദ്ധ്യേ ആകുവാൻ ആർക്കും കഴിയുകയില്ല. നിങ്ങൾ ഏതു വഴിയിൽ കൂടെ സഞ്ചരിക്കുന്നു ?

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth, Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Sundays— 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth, Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Tuesdays—2 : 30 to 2 : 45 P.M.
Thursdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P M.
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese.

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ, Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd : No. K. Dis. 90095/ 86/ A8 Regd. No. KL/TV (N)/2

## ☼ You are Cordially Invited ☼
## To Attened

Worship Services and Bible Studies

Sunday 10 a.m.
Tuesday 6.30 p. m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, palayam
Trivandrum- 34

All correspondence should be send to the Editor, Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India

To